കേരള സർക്കാർ

കൃഷിവകുപ്പ് മന്ത്രിയുടെ ഓഫീസ്

No.10/RTI/M/Agrl/2025

തിരുവനന്തപുരം,

31.05.25

പ്രേഷിതൻ,


സലിൻ എസ് രാജൻ

സ്റ്റേറ്റ് പബ്ലിക് ഇൻഫർമേഷൻ ഓഫീസർ &

അസിസ്റ്റന്റ് പ്രൈവറ്റ് സെക്രട്ടറി

കൃഷി വകുപ്പ് മന്ത്രിയുടെ ഓഫീസ്

ഗവ :സെക്രട്ടേറിയറ്റ്.

ഫോൺ 0471 -2518218


സ്വീകർത്താവ്,

സ്റ്റേറ്റ് പബ്ലിക് ഇൻഫർമേഷൻ ഓഫീസർ,

കേരഫെഡ്,

വാട്ടർ വർക്ക്സ് കോമ്പൗണ്ട്,

വെള്ളയമ്പലം, വികാസ്ഭവൻ പി.ഒ.,

തിരുവനന്തപുരം-695033

സർ,

വിഷയം :-2005 ലെ വിവരാവകാശ നിയമപ്രകാരം സമർപ്പിച്ച അപേക്ഷ -മറുപടി ലഭ്യമാക്കുന്നത് സംബന്ധിച്ച് .

സൂചന :- Sebastian, P.J. Tims View, Nellikavu Road, Karaparamba P.O.,Kozhikode-673010 ലഭ്യമാക്കിയ വിവരാവകാശ നിയമ പ്രകാരമുള്ള അപേക്ഷ..

സൂചന കാണുമല്ലോ. സൂചന പ്രകാരം ഈ ഓഫീസിലേക്ക് അയച്ചു നൽകിയ 2005-ലെ വിവരാവകാശ നിയമപ്രകാരമുള്ള അപേക്ഷയിലെ ചോദ്യങ്ങൾക്ക് മറുപടി നേരിട്ട് നൽകുന്നതിനായി അപേക്ഷ ഇതോടൊപ്പം ഉള്ളടക്കം ചെയ്യുന്നു .

വിശ്വസ്തതയോടെ,

സലിൻ എസ് രാജൻ

സ്റ്റേറ്റ് പബ്ലിക് ഇൻഫർമേഷൻ ഓഫീസർ &

അസിസ്റ്റന്റ് പ്രൈവറ്റ് സെക്രട്ടറി

കൃഷി വകുപ്പ് മന്ത്രിയുടെ ഓഫീസ്

OFFICE OF THE MINISTER FOR AGRICULTURE
29 MAY 2025

State Public Information officer
Minister For Agriculture
1st floor Annexure – 2
Secretariat
Thiruvanthapuram

പ്രേക്ഷിതൻ

Sebastian P.J
Tims View
Nellikavu Road
Karaparamba P.O
Kozhikode – 673010

സ്വീകർത്താവ്

വിവരാവകാശ ഓഫീസർ
ബഹു. കൃഷി മന്ത്രിയുടെ ഓഫീസ്
ഗവ. സെക്രട്ടറിയേറ്റ്
തിരുവനന്തപുരം

**വിഷയം: വിവരാവകാശ നിയമപ്രകാരം വിവരം ലഭിക്കുന്നത് സംബന്ധിച്ച്.**

1. കേരഫെഡ് ഓഫീസിൽ എംപ്ലോയ്മെന്റ് ഓഫീസിൽ നിന്നും നിയമനങ്ങൾ എത്ര?

2. കേരഫെഡ് ഓഫീസിലെ എത്ര ഒഴിവുകൾ പി.എസ്.സിക്ക് റിപ്പോർട്ട് ചെയ്തിട്ടുണ്ട്?.

3. പി.എസ്.സിക്ക് റിപ്പോർട്ട് ചെയ്യാത്ത എത്ര ഒഴിവുകൾ എംപ്ലോയ്മെന്റ് എക്സ്ചേഞ്ച് വഴിയോ/ ഡെപ്യൂട്ടേഷൻ വഴിയോ നികത്തിയിട്ടുണ്ട്. ?

4. കേരഫെഡ് ഓഫീസിൽ എത്ര എഞ്ചിനീയറിങ് ജീവനക്കാർ കരാർ അടിസ്ഥാനത്തിൽ ജോലി ചെയ്യുന്നു.?

5. കേരഫെഡിലെ എഞ്ചിനീയറിങ് ഒഴിവുകൾ പി.എസ്.സിക്ക് റിപ്പോർട്ട് ചെയ്തിട്ടുണ്ടോ ?

6. കേരഫെഡിലെ എഞ്ചിനീയറിങ് നിയമനത്തിൽ കരാർ അടിസ്ഥാനത്തിൽ ജോലി ചെയ്യുന്ന ജീവനക്കാരെ പിരിച്ചുവിട്ടതിന് ശേഷം എംപ്ലോയ്മെന്റ് എക്സ്ചേഞ്ച് വഴിയോ, പി.എസ്.സി വഴിയോ നിയമനം നടത്തുന്നതിനും നടപടി സ്വീകരിക്കാത്തത് എന്ത്കൊണ്ട് ?

O/C

# KERALA KERAKARSHAKA SAHAKARANA FEDERATION Ltd. No. 4370

KERAFED
കേരാഫെഡ്

An ISO Certified 9001:2015 Kerala Government Enterprise

KFD/663/2025-ADM4 / 257 Dated : 23/06/2025

ശ്രീ.സെബാസ്റ്റ്യൻ.പി.ജെ
ടൈംസ് വ്യൂ
നെല്ലിക്കാവ് റോഡ്
കാരാപറമ്പ.പി.ഒ
കോഴിക്കോട് - 673 010

23 JUN 2025

വിഷയം - കേരാഫെഡ് - വിവരാവകാശനിയമം 2005 പ്രകാരം താങ്കൾ സമർപ്പിച്ച അപേക്ഷ - മറുപടി നൽകുന്നത് - സംബന്ധിച്ച്.

സൂചന - 05/06/2025-ൽ ഈ ഓഫീസിൽ ലഭിച്ച താങ്കളുടെ വിവരാവകാശ നിയമപ്രകാരമുള്ള അപേക്ഷ.

വിവരാവകാശനിയമപ്രകാരം താങ്കൾ സമർപ്പിച്ച അപേക്ഷയിലുള്ള മറുപടി ചുവടെ ചേർക്കുന്നു.

ചോദ്യം 1. നിലവിൽ നിയമനങ്ങൾ ഇല്ല

ചോദ്യം 2. നിലവിൽ പി.എസ്.സി ക്ക് റിപ്പോർട്ട് ചെയ്ത ഒഴിവുകൾ

| ക്രമ നമ്പർ | കാറ്റഗറി & തസ്തിക | പി.എസ്.സി ക്ക് റിപ്പോർട്ട് ചെയ്ത ഒഴിവ് |
|---|---|---|
| 1 | 4(g). Deputy Manager (Personnel & Labour Welfare) | 1 |
| 2 | 5(f). Assistant Manager (Extension & Procurement) | 3 |
| 3 | 8. Accountant | 5 |
| 4 | 11. Assistant/Cashier | 23 |
| 5 | 13. LD Typist | 4 |
| 6 | 14. Driver cum Office Attendant | 3 |
| 7 | 21. Office Attendant | 2 |
| 8 | 5(h). Assistant Manager (Civil) | 1 |
| 9 | 7. Computer Programmer | 3 |
| 10 | 9. Analyst | 1 |
| 11 | 21. Fireman | 1 |
| | ആകെ | 47 |

H.O. : Kera Tower, Water Works Compound, Vellayambalam, Thiruvananthapuram - 695 033
EPABX : 2320504, Depts : 2321660, 2326209, 2321046, 2322736
[PAN:AAMAK9631N, GSTIN : 32AAMAK9631N1Z3, [TAN : TVDK00822D, GST-TDS : 32TVDK00822D1DW]
E-mail : contact@kerafed.com Website : www.kerafed.com

ചോദ്യം 3. നിലവിൽ പി.എസ്.സി ക്ക് റിപ്പോർട്ട് ചെയ്യാത്ത 7 ഒഴിവുകൾ എംപ്ലോയ്മെന്റ് എക്സ്ചേഞ്ച് / ഡെപ്യൂട്ടേഷൻ വഴി നികത്തിയിട്ടുണ്ട്.

ചോദ്യം 4. കേരഫെഡിൽ 15 എഞ്ചിനീയറിംഗ് ജീവനക്കാർ കരാറടിസ്ഥാനത്തിൽ ജോലിചെയ്തു വരുന്നു.

ചോദ്യം 5. അസിസ്റ്റന്റ് മാനേജർ സിവിൽ തസ്തികയിൽ 1 ഒഴിവ് പി.എസ്.സി ക്ക് റിപ്പോർട്ട് ചെയ്തിട്ടുണ്ട്

ചോദ്യം 6. വിശദീകരണങ്ങൾ ചോദിക്കുക, വ്യാഖ്യാനങ്ങൾ ആവശ്യപ്പെടുക, അഭിപ്രായങ്ങൾ ആരായുക, സംശയ നിവൃത്തി വരുത്തുക, പരാതികളിൽ പരിഹാരം തേടുക തുടങ്ങിയവ വിവരാവകാശ നിയമം സെക്ഷൻ 2(f)ന്റെ പരിധിയിൽ വരാത്തിനാൽ ഉത്തരം നൽകേണ്ടതില്ല എന്നറിയിക്കുന്നു.

മേൽപ്പറഞ്ഞ മറുപടി തൃപ്തികരമല്ലായെങ്കിൽ ഈ മറുപടി കിട്ടി 30 ദിവസത്തിനകം താങ്കൾക്ക് അപ്പീൽ അധികാരിക്ക് അപ്പീൽ നൽകാവുന്നതാണ്. അപ്പീൽ അധികാരിയുടെ മേൽവിലാസം ചുവടെ ചേർക്കുന്നു.

അപ്പീൽ അധികാരി
മാനേജിംഗ് ഡയറക്ടർ
കേരാഫെഡ്, കേര ടവർ
വാട്ടർ വർക്സ് കോമ്പൌണ്ട്
വികാസ് ഭവൻ.പി.ഒ, വെള്ളയമ്പലം
തിരുവനന്തപുരം - 695 033.

വിശ്വസ്തതയോടെ

ഷൺമുഖൻ.വി.ജി
സീനിയർ ഫിനാൻസ് ഓഫീസർ
അഡ്മിനിസ്ട്രേറ്റീവ് ഓഫീസർ (I/C) &
സ്റ്റേറ്റ് പബ്ലിക് ഇൻഫർമേഷൻ ഓഫീസർ
കേരാഫെഡ്, തിരുവനന്തപുരം.
ഫോൺ : 0471-2320504

11

COURT FEE INDIA Rs.10 TEN RUPEES

പ്രേഷിതൻ,

ദിവ്യ സുരേഷ്
തൃശ്ശൂർ

സ്വീകർത്താവ്,

സ്റ്റേറ്റ് ഇൻഫർമേഷൻ ഓഫീസർ,
കേരഫെഡ്, വെള്ളയമ്പലം
തിരുവനന്തപുരം.

PIO

Dr. ... 8/5/2025

വിഷയം :- വിവരാവകാശം 2005 - അപേക്ഷ സമർപ്പിക്കുന്നത് സംബന്ധിച്ച്.

സർ,

കേരള പബ്ലിക് കമ്മീഷന്റെ കാറ്റഗറി നം. 191/2023 പ്രകാരമുള്ള എൽ.ഡി. ടൈപ്പിസ്റ്റ് എന്ന തസ്തികയിൽ കേരഫെഡുമായി ബന്ധപ്പെട്ട ചോദ്യങ്ങൾക്ക് വിവരാവകാശ നിയമം - 2005 - പ്രകാരം മറുപടി നൽകണമെന്ന് അപേക്ഷിക്കുന്നു.

ചോദ്യം 1 : മേൽപറഞ്ഞിരിക്കുന്ന തസ്തികയിൽ നിലവിൽ എത്ര റിപ്പോർട്ട് ചെയ്യാത്ത ഒഴിവുകൾ ഉണ്ട്?

(1) ജനറൽ കാറ്റഗറിക്ക് മാത്രം (Part 1) എത്ര?
(2) സൊസൈറ്റി കാറ്റഗറിക്ക് (Part 2) എത്ര?
(3) ഈ തസ്തികയിൽ ഇനി വരുന്ന 3 വർഷത്തിനകം റിപ്പോർട്ട് ചെയ്യാവുന്ന ഒഴിവുകൾ?
(4) മൊത്തം സാങ്ഷൻഡ് strength എത്ര?

ചോദ്യം 2:

നിലവിൽ നോട്ടിഫിക്കേഷനിൽ പറഞ്ഞിരിക്കുന്ന 2 ഒഴിവുകൾ കേരഫെഡിന്റെ ഏത് ഓഫീസിലാണ്?

2(1) മേൽ പറഞ്ഞ തസ്തികയിൽ നിന്നും നിയമനം ലഭിക്കാവുന്ന കേരഫെഡിന്റെ സ്ഥാപനങ്ങൾ ഏതൊക്കെയാണ്?

2(2) കേരഫെഡിന്റെ കോഴിക്കോട്, കൊല്ലം തുടങ്ങിയ പ്ലാന്റുകളിൽ നിലവിൽ എത്ര ഒഴിവുകൾ?

2(3) മേൽ പറഞ്ഞ പ്ലാന്റുകളിൽ നിലവിലുള്ള റാങ്ക് ലിസ്റ്റിന്റെ കാലാവധിയിൽ റിപ്പോർട്ട് ചെയ്യപ്പെടാവുന്ന ഒഴിവുകൾ എത്ര? (റിട്ടയർമെന്റ്, പ്രമോഷൻ കണക്കാക്കിയ ശേഷം)

മേൽ പറഞ്ഞ ചോദ്യങ്ങൾക്ക് വിവരാവകാശ നിയമ പ്രകാരം മറുപടി തരണമെന്ന് വിനീതമായി അഭ്യർത്ഥിക്കുന്നു.

വിശ്വസ്തതയോടെ,

തൃശ്ശൂർ

05-05-2025 ദിവ്യ സ്റ്റീഫൻ.

KERALA KERAKARSHAKA SAHAKARANA FEDERATION Ltd. No. 4370
An ISO Certified 9001 : 2015 Kerala Government Enterprise

KERAFED
കേരാഫെഡ്

KFD/533/2025-ADM1 തീയതി. /6/2025

ദിവ്യ സുരേഷ്
തൃശ്ശൂർ
(Email -divya.ov@gmail.com)

സർ/മാഡം,

വിഷയം : കേരാഫെഡ്- വിവരാവകാശ നിയമം 2005- മറുപടി നൽകുന്നത്- സംബന്ധിച്ച്

സൂചന : (1) 08/5/2025- ൽ ഈ ഓഫീസിൽ ലഭിച്ച താങ്കളുടെ 05/5/2025 ലെ അപേക്ഷ
(2) 28/5/2025 ലെ താങ്കളുടെ ഇ-മെയിൽ സന്ദേശം

സൂചനയിലേക്ക് താങ്കളുടെ ശ്രദ്ധ ക്ഷണിക്കുന്നു. കേരഫെഡിലെ എൽ.ഡി ടൈപ്പിസ്റ്റ് തസ്തികയുമായി ബന്ധപ്പെട്ട് സൂചനാകത്ത് (1), (2) പ്രകാരം താങ്കൾ ആവശ്യപ്പെട്ടിട്ടുള്ള വിവരങ്ങൾ ചുവടെ ചേർക്കുന്നു;

ചോദ്യം 1). എൽ.ഡി ടൈപ്പിസ്റ്റിന്റെ 4 ഒഴിവുകൾ പി.എസ്.സി-യ്ക്ക് റിപ്പോർട്ട് ചെയ്തിട്ടുണ്ട്.

1 (1) & 1(2). 29/9/2022 ലെ സ.ഉ (എം.എസ്). 83/2022/Agri പ്രകാരമുള്ള കേരഫെഡിലെ റിക്രൂട്ട്മെന്റ് അനുസരിച്ച് 50:50 എന്ന രീതിയിലാണ് ജനറൽ കാറ്റഗറിയിലേക്കും സൊസൈറ്റി കാറ്റഗറിയിലേക്കും ഒഴിവുകൾ നീക്കിവയ്ക്കുന്നത്.

1 (3). നിലവിൽ എൽ.ഡി ടൈപ്പിസ്റ്റിന്റെ 4 ഒഴിവുകൾ പി.എസ്.സി യ്ക്ക് റിപ്പോർട്ട് ചെയ്തിട്ടുണ്ട്.

1 (4). എൽ.ഡി ടൈപ്പിസ്റ്റിന്റെ സാങ്ഷൻഡ് സ്ട്രെങ്ത് 7 (ഏഴ്) ആണ്.

ചോദ്യം 2)&2(1). എൽ.ഡി ടൈപ്പിസ്റ്റ് 'Statewide' എന്ന രീതിയിലാണ് നോട്ടിഫിക്കേഷൻ ചെയ്തിട്ടുള്ളത്.

2(2). കേരഫെഡ് ഓയിൽ കോംപ്ലക്സ്, കരുനാഗപ്പള്ളി - 2, കേരഫെഡ് കോക്കനട്ട് കോംപ്ലക്സ്- 1

2(3). നിലവിൽ എൽ.ഡി ടൈപ്പിസ്റ്റിന്റെ 4 ഒഴിവുകൾ പി.എസ്.സി -യ്ക്ക് റിപ്പോർട്ട് ചെയ്തിട്ടുണ്ട്.

<u>അപ്പീൽ അധികാരി</u>
മാനേജിംഗ് ഡയറക്ടർ
കേരഫെഡ്, കേരടവർ, വാട്ടർവർക്സ് കോമ്പൗണ്ട്
വെള്ളയമ്പലം, തിരുവനന്തപുരം
ഫോൺ നമ്പർ- 0471-2320504

ഷൺമുഖൻ. വി.ജി
സീനിയർ ഫിനാൻസ് ഓഫീസർ &
സീനിയർ അഡ്മിനിസ്ട്രേറ്റീവ് ഓഫീസർ (ഇൻ-ചാർജ്)
സ്റ്റേറ്റ് പബ്ലിക് ഇൻഫർമേഷൻ ഓഫീസർ
കേരാഫെഡ് ഹെഡ് ഓഫീസ്, തിരുവനന്തപുരം

GST No: 32AAATK8521C2Z3

KERALA KERAKARSHAKA
SAHAKARANA FEDERATION
LIMITED NO.4370

KERAFED
കേരാഫെഡ്

Kerafed Coconut Complex, Mannankavu
Naduvannur-673 614 , Kozhikode
Tel: 0496 2933775
E-mail: kerafedkccn2@gmail.com

KFD/KCCN/RTI/07/074

28-05-2025

അക്ഷയ്‌രാജ് ജെബി
കുറ്റിയയത്തിൽ വീട്,
കീഴൂർ പി.ഒ,
പയ്യോളി - 673522

സർ,

വിഷയം : വിവരാവകാശ നിയമം -2005 പ്രകാരം അപേക്ഷക്കുള്ള മറുപടി സംബന്ധിച്ച്

സൂചന: താങ്കളുടെ 15-05-2025 തീയതി വിവരാവകാശ നിയമപ്രകാരമുള്ള അപേക്ഷ

വിവരാവകാശ നിയമം 2005 പ്രകാരം താങ്കൾ ആവശ്യപ്പെട്ട വിവരങ്ങൾ ഈ ഓഫീസിൽ ലഭ്യമല്ലാത്തതിനാൽ താങ്കൾക്ക് മറുപടി നൽകുന്നതിനായി അപേക്ഷ കേരഫെഡ് HO യിലേക്ക് കൈമാറിയിട്ടുണ്ടെന്ന് അറിയിക്കുന്നു.

വിലാസം:
മാനേജിംഗ് ഡയറക്ടർ
കേരഫെഡ്,
കേര ടവർ, വെള്ളയമ്പലം
തിരുവനന്തപുരം.
0471 2326107

വിശ്വസ്തതയോടെ,

അസിസ്റ്റന്റ് സ്റ്റേറ്റ് പബ്ലിക് ഇൻഫർമേഷൻ ഓഫീസർ
കേരഫെഡ്, നടുവണ്ണൂർ

RTI

പ്രേഷിതൻ,
അക്ഷയ്‌രാജ് ഐ.ബി.
കുറിയായത്തിൽ വീട്
കിഴൂർ പോസ്റ്റ്
പയ്യോളി വഴി
കോഴിക്കോട്-673522
Ph. 7558984588

സ്വീകർത്താവ്,
Asst. പബ്ലിക് ഇൻഫർമേഷൻ ഓഫീസർ
കേരഫെഡ് കോക്കനട്ട് കോംപ്ലക്സ്
നടുവണ്ണൂർ മന്ദൻകാവ്, നടുവണ്ണൂർ.

വിഷയം:- വിവരാവകാശ നിയമം 2005 പ്രകാരം വിവരം ലഭിക്കുന്നതുമായി ബന്ധപ്പെട്ട്

സൂചന:- കേരള PSC 300/2023 കേരഫെഡ് ഡ്രൈവർ കം ഓഫീസ് ~~അസിസ്റ്റന്റ്~~ അസിസ്റ്റന്റ് പരീക്ഷയുടെ റാങ്ക്‌ലിസ്റ്റുമായി ബന്ധപ്പെട്ട് വിവരം അറിയുന്നതിന്.

സർ,
താഴെ പറയുന്ന ചോദ്യങ്ങൾക്ക് വിവരാവകാശ നിയമപ്രകാരം മറുപടി നൽകാൻ അപേക്ഷിക്കുന്നു.

ചോദ്യം 1:- കേരഫെഡ് കോക്കനട്ട് കോംപ്ലക്സിൽ മന്ദൻകാവിൽ ഡ്രൈവർ കം ഓഫീസ് അസിസ്റ്റന്റ് ആയി അനുവദിക്കപ്പെട്ട അംഗബലം എത്ര?

(i) ഈ അനുവദിക്കപ്പെട്ട അംഗബലത്തിൽ ഒഴിവുകൾ ഉണ്ടോ?

(ii) ഈ ഒഴിവുകളിൽ എത്ര എണ്ണം 300/2023 ലിസ്റ്റിലേക്ക് റിപ്പോർട്ട് ചെയ്തു?

(iii) ഇതിൽ എത്ര ഒഴിവുകൾ PSC യിലേക്ക് റിപ്പോർട്ട് ചെയ്തിട്ടുണ്ട്?

25 15/5/25

JR 52 15/5/25

ചോദ്യം 2:- 300/2023 ലിസ്റ്റിലേക്ക് ഇനി എത്ര
വേക്കൻസി ലഭിക്കേണ്ടതുണ്ട്?

ചോദ്യം3:- 2025 ജനുവരി മുതൽ 2028 ഏപ്രിൽ 23
വരെയുള്ള പ്രതീക്ഷിത ഒഴിവുകൾ എത്ര?
(i) അതിൽ എത്ര എണ്ണം 300/2023 ലിസ്റ്റിൽ ഉൾപ്പെട്ടവർക്ക്
ലഭിക്കും

ചോദ്യം6. ഇപ്പോഴത്തെ പ്രമോഷൻ ലിസ്റ്റിൽ വരുന്ന
ഒഴിവുകൾ ലിസ്റ്റിലേക്ക് റിപ്പോർട്ട് ചെയ്യുമോ?

സ്ഥലം : കൊയിലാണ്ടി
തിയ്യതി : 15/05/2025

വിശ്വസ്തതയോടെ

അക്ഷയ് രാജ് JB

To Administration
20.05.25 (PM)

KERALA KERAKARSHAKA SAHAKARANA FEDERATION Ltd. No. 4370
KERAFED
കേരഫെഡ്
An ISO Certified 9001:2015 Kerala Government Enterprise

കെസിസിഎൻ/44/2025–എഎം/എഡിഎം/ 227 തീയതി 10/06/2025

അക്ഷയ് രാജ് ജെ.ബി,
കറ്റിയായത്തിൽ വീട്,
കീഴൂർ പോസ്റ്റ്, പയ്യോളി വഴി,
കോഴിക്കോട് – 673522
ഫോൺ : 7558984588

KERAFED H.O.
13 JUN 2025
RECEIVED

മാഡം,

വിഷയം : കേരഫെഡ് – വിവരാവകാശനിയമം 2005 പ്രകാരമുള്ള അപേക്ഷ – മറുപടി നൽകുന്നത് – സംബന്ധിച്ച്

സൂചന: 03/06/2025 തീയതിയിൽ ഈ ഓഫീസിൽ ലഭിച്ച താങ്കളുടെ വിവരാവകാശനിയമപ്രകാരമുള്ള അപേക്ഷ

സൂചനയിലേക്ക് ശ്രദ്ധ ക്ഷണിക്കുന്നു. കേരഫെഡിലെ ഡ്രൈവർ കം ഓഫീസ് അറ്റൻഡന്റ് തസ്തികയിലേക്കുള്ള ഒഴിവുകളുമായി ബന്ധപ്പെട്ട് സൂചന പ്രകാരം ആവശ്യപ്പെട്ട വിവരങ്ങൾ ചുവടെ ചേർക്കുന്നു.

ചോദ്യം 1. 29/09/2022 ലെ ജി.ഒ (എം.എസ്) നം.83/2022/അഗ്രി പ്രകാരമുള്ള കേരഫെഡിലെ റിക്രൂട്ട്മെന്റ് റൂൾസ് പ്രകാരം നടുവണ്ണൂർ പ്ലാന്റിൽ ഡ്രൈവർ തസ്തികയുടെ sanctioned strength 4 ആണ്.

ചോദ്യം 1 (i), (ii), (iii), 2 & 3. കേരഫെഡിൽ ഡ്രൈവർ തസ്തികയുടെ 4 ഒഴിവുകൾ പി.എസ്.സി യ്ക്ക് റിപ്പോർട്ട് ചെയ്തിട്ടുണ്ട്.

ചോദ്യം 3(i). വിശദീകരണങ്ങൾ ചോദിക്കുക, വ്യാഖ്യാനങ്ങൾ ആവശ്യപ്പെടുക, അഭിപ്രായങ്ങൾ ആരായുക, സംശയനിവൃത്തി വരുത്തുക, പരാതികളിൽ പരിഹാരം തേടുക എന്നിവ വിവരാവകാശനിയമം 2(f) ന്റെ പരിധിയിൽ വരുന്നതല്ലാത്തതിനാൽ ഉത്തരം നൽകേണ്ടതില്ല എന്നറിയിക്കുന്നു.

ചോദ്യം 6. ഡ്രൈവർ തസ്തികയുടെ പ്രൊമോഷൻലിസ്റ്റ് നിലവിലില്ല.

മേൽപ്പടി മറുപടി തൃപ്തികരമല്ലായെങ്കിൽ ഈ കത്ത് കിട്ടി 30 ദിവസത്തിനകം താങ്കൾക്ക് അപ്പീൽ അധികാരിയ്ക്ക് അപ്പീൽ സമർപ്പിക്കാവുന്നതാണ്. അപ്പീൽ അധികാരിയുടെ മേൽവിലാസം ചുവടെ ചേർക്കുന്നു.

<u>അപ്പീൽ അധികാരി</u>
മാനേജിംഗ് ഡയറക്ടർ,
കേരഫെഡ്, കേര ടവർ,
വാട്ടർ വർക്ക്സ് കോമ്പൗണ്ട്
വെള്ളയമ്പലം, തിരുവനന്തപുരം
ഫോൺ നം. 0471 2320504

ഷൺമുഖൻ വി.ജി
സീനിയർ ഫിനാൻസ് ഓഫീസർ,
സീനിയർ അഡ്മിനിസ്ട്രേറ്റീവ് ഓഫീസർ I/C,
സ്റ്റേറ്റ് പബ്ലിക് ഇൻഫർമേഷൻ ഓഫീസർ,
കേരഫെഡ് കേന്ദ്ര ഓഫീസ്, തിരുവനന്തപുരം.

<u>വിവരാവകാശ നിയമം</u>

"ഭരണഭാഷ-മാതൃഭാഷ"

കേരള സർക്കാർ

നം. AGRI-PU2/54/2025-AGRI

കൃഷി (പി.യു) വകുപ്പ്,
തിരുവനന്തപുരം,
തീയതി, 11-04-2025

പ്രേഷകൻ,

സ്റ്റേറ്റ് പബ്ലിക് ഇൻഫർമേഷൻ ഓഫീസർ & അണ്ടർ സെക്രട്ടറി

സ്വീകർത്താവ്,

ശ്രീ.കെ.പി.ജയരാജൻ
ചന്ദ്രകട്ടി മന്ദിരം
കരിവെള്ളൂർ പി.ഒ,
കണ്ണൂർ-670521

സർ,

വിഷയം: കൃഷി വകുപ്പ്- വിവരാവകാശ നിയമം 2005 -മറുപടി ലഭ്യമാക്കുന്നത്-സംബന്ധിച്ച്.

സൂചന: താങ്കളുടെ 29/03/2025-ലെ വിവരാവകാശ അപേക്ഷ

സൂചനയിലേയ്ക്ക് താങ്കളുടെ ശ്രദ്ധ ക്ഷണിക്കുന്നു. സൂചനയിലെ വിവരാവകാശ അപേക്ഷയിൽ ആവശ്യപ്പെട്ട പിരിവുകൾക്ക് ചുവടെ പറയും പ്രകാരം മറുപടി നൽകുന്നു.

പിരിവ് 1, 2, & 3 -ൽ ആവശ്യപ്പെട്ട രേഖകൾക്ക് 7 പുറങ്ങളാണുള്ളത്. ആയത് ലഭിക്കുവാൻ പുറം 1-ന് 3 രൂപ നിരക്കിൽ ആകെ 21 രൂപ 0070-60-118-99 -Receipts under the Right to Information Act 2005 എന്ന ഹെഡ് ഓഫ് അക്കൗണ്ടിൽ അടച്ച് അസ്സൽ ചെലാൻ ഹാജരാക്കണമെന്ന് അറിയിക്കുന്നു.

പിരിവ്- 4 & 6- എന്നിവയ്ക്ക് താങ്കൾക്ക് നേരിട്ട് മറുപടി നൽകുന്നതിനായി വിവരാവകാശ അപേക്ഷയുടെ പകർപ്പ് വിവരാവകാശ നിയമം വകുപ്പ് 6(3) പ്രകാരം സ്റ്റേറ്റ് പബ്ലിക് ഇൻഫർമേഷൻ ഓഫീസർ, ആസൂത്രണ സാമ്പത്തികകാര്യ വകുപ്പിന് കൈമാറി നൽകിയിട്ടുണ്ടെന്ന വിവരം അറിയിക്കുന്നു.

പിരിവ്-5 -ന് എന്നിവയ്ക്ക് താങ്കൾക്ക് നേരിട്ട് മറുപടി നൽകുന്നതിനായി വിവരാവകാശ അപേക്ഷയുടെ പകർപ്പ് വിവരാവകാശ നിയമം വകുപ്പ് 6(3) പ്രകാരം സ്റ്റേറ്റ് പബ്ലിക് ഇൻഫർമേഷൻ ഓഫീസർ, ധനകാര്യ വകുപ്പിന് കൈമാറി നൽകിയിട്ടുണ്ടെന്ന വിവരം അറിയിക്കുന്നു.

പിരിവ്-7, 8, 21, 24, 25, 29, 30, 31, എന്നീ പിരിവുകളിൽ താങ്കൾ വ്യക്തമായ തീയതി രേഖപ്പെടുത്താതെ എല്ലാ ഉത്തരവുകളുടെയും/വിധിയുടെയും പകർപ്പുകൾ ലഭ്യമാക്കുക എന്നാണ് ആവശ്യ പ്പെട്ടിരിക്കുന്നത്. വിവരാവകാശ നിയമം 2005 സെക്ഷൻ 2(f) read with 2(j) പ്രകാരം, വിശദീകരണങ്ങൾ, വ്യാഖ്യാനങ്ങൾ, ടിപ്പണികൾ, സ്പഷ്ടീകരണങ്ങൾ മുതലായവ ആവശ്യപ്പെടുക, അഭിപ്രായങ്ങൾ തേടുക, വിവരങ്ങൾ ക്രോഡീകരിച്ച

നൽകുക, സുദീർഘവും സങ്കീർണ്ണവുമായ ചോദ്യങ്ങൾ ചോദിക്കുക, പരാതിയിൽ പരിഹാരം ആവശ്യപ്പെടുക എന്നിവ വിവരാവകാശ നിയമത്തിന്റെ പരിധിയിൽ വരുന്ന കാര്യങ്ങളല്ല. ആയതിനാൽ പ്രസ്തുത പിരിവുകൾ വിവരാവകാശ നിയമം 2005 സെക്ഷൻ 2(f) read with 2(j) യുടെ പരിധിയിൽ വരുന്നില്ല എന്ന വിവരം അറിയിക്കുന്നു.

പിരിവ് - 10-ന് താങ്കൾക്ക് നേരിട്ട് മറുപടി നൽകുന്നതിനായി വിവരാവകാശ അപേക്ഷയുടെ പകർപ്പ് വിവരാവകാശ നിയമം വകുപ്പ് 6(3) പ്രകാരം കൃഷി വകുപ്പിന് കീഴിലുള്ള എല്ലാ പൊതുമേഖല സ്ഥാപനങ്ങളുടെയും പബ്ലിക് ഇൻഫർമേഷൻ ഓഫീസർമാർക്ക് കൈമാറിയിട്ടുണ്ടെന്ന വിവരം അറിയിക്കുന്നു.

പിരിവ്-11 -ൽ സൂചിപ്പിച്ച ശ്രീമതി തങ്കമണി ഫയൽ ചെയ്ത WP(C) No.46330/2024 കേസിൽ Counter Affidavit സമർപ്പിച്ചിട്ടില്ല എന്ന വിവരം അറിയിക്കുന്നു.

പിരിവ് -12 -ൽ ആവശ്യപ്പെട്ട രേഖകൾക്ക് 3 പുറമാണുള്ളത് (പുറം 1-ന് 3 രൂപ നിരക്കിൽ ആകെ 9 രൂപ 0070-60-118-99 -Receipts under the Right to Information Act 2005 എന്ന ഹെഡ് ഓഫ് അക്കൗണ്ടിൽ അടച്ച് അസ്സൽ ചെലാൻ ഹാജരാക്കണമെന്ന് അറിയിക്കുന്നു.

പിരിവ്- 13-ൽ സൂചിപ്പിച്ച 20-01-2025-ലെ സിംഗിൾ ബഞ്ച് ഉത്തരവിന്റെ പകർപ്പ് ലഭ്യമല്ല എന്ന വിവരം അറിയിക്കുന്നു.

പിരിവ്- 14-ൽ ആവശ്യപ്പെട്ട രേഖകൾക്ക് 2 പുറമാണുള്ളത്. പുറം 1-ന് 3 രൂപ നിരക്കിൽ ആകെ 6 രൂപ 0070-60-118-99 -Receipts under the Right to Information Act 2005 എന്ന ഹെഡ് ഓഫ് അക്കൗണ്ടിൽ അടച്ച് അസ്സൽ ചെലാൻ ഹാജരാക്കണമെന്ന് അറിയിക്കുന്നു. അടച്ച് ചെലാൻ ലഭ്യമാക്കുവാൻ ആവശ്യപ്പെടാവുന്നതാണ്.

പിരിവ് 15, 16 & 17 -ന് താങ്കൾക്ക് നേരിട്ട് മറുപടി നൽകുന്നതിനായി വിവരാവകാശ അപേക്ഷയുടെ പകർപ്പ് വിവരാവകാശ നിയമം വകുപ്പ് 6(3) പ്രകാരം യഥാക്രമം പബ്ലിക് ഇൻഫർമേഷൻ ഓഫീസർ കേരള പബ്ലിക് സർവ്വീസ് കമ്മീഷൻ, പബ്ലിക് ഇൻഫർമേഷൻ ഓഫീസർ അക്കൗണ്ടന്റ് ജനറൽ ഓഫീസ്, സ്റ്റേറ്റ് പബ്ലിക് ഇൻഫർമേഷൻ ഓഫീസർ ഉദ്യോഗസ്ഥ ഭരണ പരിഷ്കാര വകുപ്പ് എന്നിവർക്ക് കൈമാറി നൽകിയിട്ടുണ്ടെന്ന വിവരം അറിയിക്കുന്നു.

പിരിവ് -18-ൽ സൂചിപ്പിച്ച സ.ഉ(സാധാ) നം 998/2020/AGRI തിയതി 7/12/2020 സർക്കാർ ഉത്തരവ് പുറപ്പെടുവിച്ചിട്ടില്ല എന്ന വിവരം അറിയിക്കുന്നു.

പിരിവ്-9, 19, 22 & 28 സംബന്ധിച്ച് താങ്കൾക്ക് നേരിട്ട് മറുപടി നൽകുന്നതിനായി വിവരാവകാശ അപേക്ഷയുടെ പകർപ്പ് വിവരാവകാശ നിയമം വകുപ്പ് 6(3) പ്രകാരം കേരള സംസ്ഥാന വെയർഹൗസിംഗ് കോർപ്പറേഷനിലെ പബ്ലിക് ഇൻഫർമേഷൻ ഓഫീസർക്ക് കൈമാറിയിട്ടുണ്ടെന്ന വിവരം അറിയിക്കുന്നു.

പിരിവ്-20- ശ്രീമതി.കവിത നയനാർ ഫയൽ ചെയ്ത WP(C) 7669/2025 കേസിൽ സത്യവാങ്മൂലം സമർപ്പിച്ചിട്ടില്ല എന്ന വിവരം അറിയിക്കുന്നു.

പിരിവ്-23 -ൽ സൂചിപ്പിച്ച WP(C) No.18102/2024-ലെ 29/05/2024-ലെ ഇടക്കാല ഉത്തരവിന്റെ പകർപ്പ് ഈ വകുപ്പിൽ ലഭ്യമല്ല എന്ന വിവരം അറിയിക്കുന്നു.

പിരിവ്- 26 & 27 -ൽ ആവശ്യപ്പെട്ട രേഖകൾക്ക് 4 പുറങ്ങളാണുള്ളത്. പുറം 1-ന് 3 രൂപ

നിരക്കിൽ ആകെ 12 രൂപ 0070-60-118-99 -Receipts under the Right to Information Act 2005 എന്ന ഹെഡ് ഓഫ് അക്കൗണ്ടിൽ അടച്ച് അസ്സൽ ചെലാൻ ഹാജരാക്കണമെന്ന് അറിയിക്കുന്നു.

പിരിവ്- 32 -ൽ സൂചിപ്പിച്ചിട്ടുള്ള കൃഷി വകുപ്പിലെ പൊതുമേഖല സ്ഥാപനങ്ങളിലെ മാനേജിംഗ് ഡയറക്ടർമാരുടെ നിയമനം കേരള പബ്ലിക് എന്റർപ്രൈസസ് സെലക്ഷൻ & റിക്രൂട്ട്മെന്റ് മുഖേന നടപ്പാക്കുന്ന വിഷയം സർക്കാർ പരിശോധിച്ചുവരുന്നു എന്ന വിവരം അറിയിക്കുന്നു.

<u>അപ്പീൽ അധികാരി</u>

അപ്പീലധികാരി & അഡീഷണൽ സെക്രട്ടറി.
കൃഷി (പി.യു) വകുപ്പ്, ഗവ. സെക്രട്ടേറിയറ്റ്, തിരുവനന്തപുരം.
ഫോൺ : 0471-251-8707

വിശ്വസ്തതയോടെ,

ജയകൃഷ്ണൻ കെ ബി കെ എ എസ്
സ്റ്റേറ്റ് പബ്ലിക് ഇൻഫർമേഷൻ ഓഫീസർ & അണ്ടർ സെക്രട്ടറി
ഫോൺ നമ്പർ 0471-251-7046

പകർപ്പ്:-

1. സ്റ്റേറ്റ് പബ്ലിക് ഇൻഫർമേഷൻ ഓഫീസർ, ആസൂത്രണ സാമ്പത്തികകാര്യ വകുപ്പ് (പിരിവ്- 4 & 6- എന്നിവയ്ക്ക് അപേക്ഷകന് നേരിട്ട് മറുപടി നൽകുന്നതിനായി അപേക്ഷയുടെ പകർപ്പ് ഉള്ളടക്കം ചെയ്യുന്നു.)

2. സ്റ്റേറ്റ് പബ്ലിക് ഇൻഫർമേഷൻ ഓഫീസർ, ധനകാര്യ വകുപ്പ് (പിരിവ്- 5-ന് അപേക്ഷകന് നേരിട്ട് മറുപടി നൽകുന്നതിനായി അപേക്ഷയുടെ പകർപ്പ് ഉള്ളടക്കം ചെയ്യുന്നു)

3. പബ്ലിക് ഇൻഫർമേഷൻ ഓഫീസർ, കേരള ലാന്റ് ഡെവലപ്മെന്റ് കോർപ്പറേഷൻ/ കേരള അഗ്രോ - ബിസിനസ് കമ്പനി/കേരള അഗ്രോ ഇൻഡസ്ട്രീസ് കോർപ്പറേഷൻ /കേരള അഗ്രോ മെഷിണറി കോർപ്പറേഷൻ / പ്ലാന്റേഷൻ കോർപ്പറേഷൻ ഓഫ് കേരള ലിമിറ്റഡ്/ ഓയിൽ പാം ഇന്ത്യാ ലിമിറ്റഡ്/ ഹോർട്ടികോർപ്പ്/ കേരള സംസ്ഥാന നാളികേര വികസന കോർപ്പറേഷൻ/സ്റ്റേറ്റ് ഫാമിംഗ് കോർപ്പറേഷൻ ഓഫ് കേരള ലിമിറ്റഡ്/ കേരഫെഡ്/വാഴക്കുളം അഗ്രോ & ഫ്രൂട്ട് പ്രോസസ്സിംഗ് കമ്പനി ലിമിറ്റഡ്(പിരിവ് 10-ന് അപേക്ഷകന് നേരിട്ട് മറുപടി നൽകുന്നതിനായി അപേക്ഷയുടെ പകർപ്പ് ഉള്ളടക്കം ചെയ്യുന്നു)

4. പബ്ലിക് ഇൻഫർമേഷൻ ഓഫീസർ, കേരള കേരള സംസ്ഥാന വെയർഹൗസിംഗ് കോർപ്പറേഷൻ ലിമിറ്റഡ് ( പിരിവ്-9, 10, 19, 22 & 28 എന്നിവയ്ക്ക് അപേക്ഷകന് നേരിട്ട് മറുപടി നൽകുന്നതിനായി അപേക്ഷയുടെ പകർപ്പ് ഉള്ളടക്കം ചെയ്യുന്നു)

5 പബ്ലിക് ഇൻഫർമേഷൻ ഓഫീസർ കേരള പബ്ലിക് സർവ്വീസ് കമ്മീഷൻ

(പിരിവ് 15-ന് അപേക്ഷകന് നേരിട്ട് മറുപടി നൽകുന്നതിനായി അപേക്ഷയുടെ പകർപ്പ് ഉള്ളടക്കം ചെയ്യുന്നു)

6. പബ്ലിക് ഇൻഫർമേഷൻ ഓഫീസർ അക്കൗണ്ടന്റ് ജനറൽ ഓഫീസറുടെ കാര്യാലയം (പിരിവ് 16-ന് അപേക്ഷകന് നേരിട്ട് മറുപടി നൽകുന്നതിനായി അപേക്ഷയുടെ പകർപ്പ് ഉള്ളടക്കം ചെയ്യുന്നു)

7. സ്റ്റേറ്റ് പബ്ലിക് ഇൻഫർമേഷൻ ഓഫീസർ ഉദ്യോഗസ്ഥ ഭരണ പരിഷ്കാര വകുപ്പ് (പിരിവ് 17-ന് അപേക്ഷകന് നേരിട്ട് മറുപടി നൽകുന്നതിനായി അപേക്ഷയുടെ പകർപ്പ് ഉള്ളടക്കം ചെയ്യുന്നു)

AGRICULTURE DEPT.
05 APR 2025
GOVT. SECRETARIAT, THIRUVANANTHAPURAM

COURT FEE Rs.10 INDIA TEN RUPEES

പ്രേഷിതൻ
കെ.പി. ജയരാജൻ
ചന്തുകുട്ടിമന്ദിരം
കരിവെള്ളൂർ പി.ഒ
കണ്ണൂർജില്ല - 670521

സ്വീകർത്താവ്
പബ്ലിക് ഇൻഫോർമേഷൻ ഓഫീസർ
അഗ്രിക്കൾച്ചർ (പി.യു) ഡിപ്പാർട്ട്മെന്റ്
സെക്രട്ടറിയേറ്റ്
തിരുവനന്തപുരം - 695001

സർ,

വിഷയം :- വിവരാവകാശ നിയമം 2005 - വിവരങ്ങളും, രേഖകളുടെ സാക്ഷ്യപ്പെടുത്തിയ പകർപ്പുകളും ആവശ്യപ്പെടുന്നത് സംബന്ധിച്ച്

വിവരവകാശ നിയമപ്രകാരം ആവശ്യപ്പെട്ട താഴെ പറയുന്ന ചോദ്യങ്ങൾക്കുള്ള മറുപടി/വിവരങ്ങളും രേഖകളുടെ സാക്ഷ്യപ്പെടുത്തിയ പകർപ്പുകളും നൽകണമെന്ന് ആവശ്യപ്പെടുന്നു.

1. കേരള സംസ്ഥാന വേർഹൗസിംഗ് കോർപ്പറേഷൻ ജീവനക്കാരുടെ പെൻഷൻ പ്രായം 58 വയസ്സിൽ നിന്ന് 60 വയസ്സ് വരെയാക്കുന്നതിന് 26-11-2019ൽ കോർപ്പറേഷൻ എം.ഡി കൃഷിവകുപ്പ് പ്രിൻസിപ്പൽ സെക്രട്ടറിക്ക് അയച്ച കത്തും, അതോടൊപ്പം ഉള്ളടക്കം ചെയ്ത ഡയറക്ടർ ബോർഡ് മീറ്റിങ്ങിലെ 3527 നമ്പർ തീരുമാനത്തിന്റെ പകർപ്പും നൽകണമെന്ന് ആവശ്യപ്പെടുന്നു.

2. മേൽപ്പറഞ്ഞ 26-11-2019ലെ കത്തിൽ സൂചനയിൽ പരാമർശിച്ച GO (MS) 65/11/AD dated 26-02-2011, Go(MS) 221/11/AD dt20/09/2011 ലെ സർക്കാർ ഉത്തരവിന്റെ പകർപ്പുകൾ നൽകണമെന്ന് ആവശ്യപ്പെടുന്നു.

3. മേൽപ്പറഞ്ഞ കോർപ്പറേഷൻ കത്തിന് കൃഷിവകുപ്പ് 5-2-2020ൽ നൽകിയ മറുപടി കത്തിന്റെ പകർപ്പുകൾ നൽകണമെന്ന് ആവശ്യപ്പെടുന്നു.

4. ഒരു എക്സ്പേർട്ട് കമ്മിറ്റി രൂപീകരിച്ചുകൊണ്ട് സർക്കാർ ഇറക്കിയ GO (MS) No. 21/2017 P/EA dt 20-04-2017. നമ്പർ സർക്കാർ ഉത്തരവിന്റെ പകർപ്പുകൾ നൽകണമെന്ന് ആവശ്യപ്പെടുന്നു.

5. കേരളത്തിലെ പൊതുമേഖലാ സ്ഥാപനങ്ങളിലെ ജീവനക്കാരുടെ റിട്ടയർമെന്റ് പ്രായം വർധിപ്പിക്കുന്നതുമായി ബന്ധപ്പെട്ട് 25-08-2017 ൽ GO (MS)No.402/2017/Fin എന്ന സർക്കാർ ഉത്തരവിന്റെ പകർപ്പുകൾ നൽകണമെന്ന് ആവശ്യപ്പെടുന്നു.

6. 20-4-2017 ൽ സർക്കാർ രൂപീകരിച്ച എക്സ്പേർട്ട് കമ്മിറ്റി പൊതുമേഖല സ്ഥാപനങ്ങളിലെ ജീവനക്കാരുടെ ശമ്പള പരിഷ്കരണം ഏകീകരണം, വിരമിക്കൽ പ്രായംവർധിപ്പിക്കൽ, തുടങ്ങിയ വിഷയം പഠിച്ച് നൽകിയ

റിപ്പോർട്ടിന്റെ പകർപ്പുകളും അതോടൊപ്പം ഉള്ളടക്കം ചെയ്ത രേഖകളുടെ പകർപ്പുകളും നൽകണമെന്ന് ആവശ്യപ്പെടുന്നു.

7. വെർഹൗസിംഗ് കോർപ്പറേഷൻ ജീവനക്കാരുടെ പെൻഷൻ പ്രായം 58 വയസ്സിൽ നിന്ന് 60 വയസ്സായി ഉയർത്തുന്നതുമായി ബന്ധപ്പെട്ട കോർപ്പറേഷൻ എം.ഡി ഫെബ്രുവരി 2020 നു ശേഷം ഇന്നേ തീയതി വരെ അയച്ച എല്ലാ കത്തുകളുടെയും, അതോടൊപ്പം ഉള്ളടക്കം ചെയ്ത രേഖകളുടെയും പകർപ്പുകൾ നൽകണമെന്ന് ആവശ്യപ്പെടുന്നു.
8. ചോദ്യം 7 ൽ പറഞ്ഞ കോർപ്പറേഷൻ കത്തുകൾക്ക് കൃഷി നൽകിയ മറുപടി കത്തുകളുടെയും അതോടൊപ്പം ഉള്ളടക്കം മറ്റു രേഖകളുടെയും പകർപ്പുകൾ .നൽകണമെന്ന് ആവശ്യപ്പെടുന്നു.
9. 01- 12- 2024 ൽ വേർഹൗസിംഗ് കോർപ്പറേഷൻ ജീവനക്കാരുടെ പെൻഷൻ പ്രായം എത്ര വയസ്സാണെന്ന് അറിയിക്കണമെന്ന് ആവശ്യപ്പെടുന്നു.

10. നിലവിൽ (1-3-2025)ൽ കൃഷി വകുപ്പിന് കീഴിലുള്ള എല്ലാ പൊതുമേഖലാ സ്ഥാപനങ്ങളിലൂടെയും/ഫെഡറേഷനുകളിലൂടെയും മറ്റു സ്ഥാപനങ്ങളിലെയും പെൻഷൻ പ്രായം (വിരമിക്കൽ പ്രായം) എത്രയാണെന്ന് അറിയിക്കണമെന്ന് ആവശ്യപ്പെടുന്നു. പൊതുമേഖല സ്ഥാപനങ്ങളുടെ പേരുകൾ, നിലവിലെ വിരമിക്കൽ പ്രായം, തുടങ്ങിയ എല്ലാ വിവരങ്ങളും നൽകണമെന്ന് ആവശ്യപ്പെടുന്നു.

11. വേർഹൗസിംഗ് കോർപ്പറേഷനിലെ ഒരു ജീവനക്കാരി ശ്രീമതി തങ്കമണി ബഹുമാനപ്പെട്ട ഹൈക്കോടതിയിൽ പെൻഷൻ പ്രായം 58 വയസ്സിൽ നിന്ന് 60 വയസ്സായി ഉയർത്തുന്നതിന് 24-12-2024 ൽ ഡബ്ല്യു.പി.(സി) 46330/2024 നമ്പറായി ഒരു കേസ് .ഫയൽ ചെയ്തിരുന്നു. പ്രസ്തുത കേസിൽ എതിർകക്ഷികളിൽ രണ്ടാമനായ കൃഷിവകുപ്പ് സെക്രട്ടറി (R2) ബഹു.ഹൈക്കോടതിയിൽ ഫയൽ ചെയ്ത സത്യവാങ് മൂലം (Counter affidavit) ന്റെ പകർപ്പുകൾ നൽകണമെന്ന് ആവശ്യപ്പെടുന്നു.

12. മേൽപ്പറഞ്ഞ ശ്രീമതി.തങ്കമണി ഫയൽ ചെയ്ത കേസിൽ WP(C) 46330/2024 ബഹു.ഹൈക്കോടതി സിംഗിൾ ബെഞ്ച് 24/12/2024 പുറപ്പെടുവിച്ച ഇടക്കാല ഉത്തരവിന്റെ പകർപ്പുകൾ നൽകണമെന്ന് ആവശ്യപ്പെടുന്നു.

13. പിന്നീട് മേൽപ്പറഞ്ഞ കേസിൽ ബഹു ഹൈക്കോടതി സിംഗിൾ ബഞ്ച് 20-1-2025 ൽ പുറപ്പെടുവിച്ച ഉത്തരവിന്റെ പകർപ്പ് നൽകണമെന്ന് ആവശ്യപ്പെടുന്നു.

14. കേരള സംസ്ഥാന എയർ ഹൗസിംഗ് കോർപ്പറേഷനിലെ നിയമനങ്ങൾ കേരള പബ്ലിക് സർവീസ് കമ്മീഷൻ മുഖാന്തിരം നടത്തുന്നതിന് കൃഷിവകുപ്പ് 23-2-21 ൽ സ.ഉ.(സാധാ) നം196/2021 കൃഷി ഉത്തരവിന്റെ പകർപ്പുകൾ നൽകണമെന്ന് ആവശ്യപ്പെടുന്നു.

15. കേരള പബ്ലിക് സർവീസ് കമ്മീഷൻ സെക്രട്ടറി 04/01/2017 ൽ AIII (3) 2655/84/cw നമ്പറായി അയച്ച കത്തിന്റെ പകർപ്പുകൾ നൽകണമെന്ന് ആവശ്യപ്പെടുന്നു.

16. അക്കൗണ്ടന്റ് ജനറലിന്റെ 05/01/2017 ലെ OA party 24/16-17 നമ്പർ കത്തിന്റെ പകർപ്പുകൾ നൽകണമെന്ന് ആവശ്യപ്പെടുന്നു.

17. 8-8-2018ലെ പരിപത്രം നമ്പർ ഉപ.സി 1/208/17 ഉപദവ പരിപത്രത്തിന്റെ പകർപ്പുകൾ നൽകണമെന്ന് ആവശ്യപ്പെടുന്നു.

18. സർക്കാർ/കൃഷി വകുപ്പ് ഉത്തരവ് സ.ഉ. (സാധാ) നമ്പർ 998/2020 AGRI തീയതി 7-12-2020 ലെ ഉത്തരവിന്റെ പകർപ്പുകൾ നൽകണമെന്ന് ആവശ്യപ്പെടുന്നു.

19. കേരള സ്റ്റേറ്റ് വെയർഹൗസിംഗ് കോർപ്പറേഷൻ മാനേജിംഗ് ഡയറക്ടർ 25/01/2021 ൽ കെ.എസ്സ്.ഡബ്ല്യു.സി/ അഡ്മിൻ 3/ഗവ 36/2020-21 നമ്പറായി കൃഷി വകുപ്പിലേക്ക് അയച്ച കത്തിന്റെ പകർപ്പുകൾ നൽകണമെന്ന് ആവശ്യപ്പെടുന്നു.

20. വേർഹൗസിംഗ് കോർപ്പറേഷനിലെ ഒരു ജീവനക്കാരിയായ ശ്രീമതി കവിത നായനാർ കോർപ്പറേഷനിലെ പെൻഷൻ പ്രായം 58 വയസ്സിൽ നിന്ന് 60 വയസ്സായി ഉയർത്തുന്നതുമായി ബന്ധപ്പെട്ട് ബഹു ഹൈക്കോടതിയിൽ ഫയൽ ചെയ്ത WP(C) NO. 7669 of 2025 കേസിലെ 21 ാം എതിർകക്ഷിയായ കൃഷി വകുപ്പ് സെക്രട്ടറി ബഹു ഹൈക്കോടതിയിൽ ഫയൽ ചെയ്ത സത്യവാങ്മൂലം ()ന്റെ പകർപ്പുകൾ നൽകണമെന്ന് ആവശ്യപ്പെടുന്നു.

21. മേൽ പറഞ്ഞ ശ്രീമതി.കവിത നായനാർ ഫയൽ ചെയ്ത WP(C) No.7669 of.2025 നമ്പർ കേസ്സ് തീർപ്പ് കൽപ്പിച്ചു ബഹു. ഹൈക്കോടതി പ്രസ്താവിച്ച വിധിയുടെ പകർപ്പ് നൽകണമെന്ന് ആവശ്യപ്പെടുന്നു.

22. വേർ ഹൗസിംഗ് കോർപ്പറേഷൻ എംഡി ശ്രീമതി കവിത നായനാരുടെ 26-11-2019 നിവേദനം കൃഷിവകുപ്പിലേക്ക് അയച്ച കത്തിന്റെ പകർപ്പ് നൽകണമെന്ന് ആവശ്യപ്പെടുന്നു.

23. ബഹു ഹൈക്കോടതി WP(C) No. 18102 of 2024 തീയതി 29-5-2024 നമ്പർ കേസിൽ പുറപ്പെടുവിച്ച ഇടക്കാല ഉത്തരവിന്റെ പകർപ്പുകൾ നൽകണമെന്ന് ആവശ്യപ്പെടുന്നു.

24. പെൻഷൻ പരിഷ്കരണവുമായി ബന്ധപ്പെട്ട് വേർഹൗസിംഗ് കോർപ്പറേഷൻ ബഹു ഹൈക്കോടതിയിൽ ഫയൽ ചെയ്ത W/A 1378 /2020 WA134/2021 വിധി 12-11-2024 ൽ കോർപ്പറേഷന്റെ അപ്പീൽ തള്ളിക്കൊണ്ട് വിധി പ്രസ്താവിക്കുകയുണ്ടായി. പ്രസ്തുത വിധി പ്രസ്താവനയ്ക്കുശേഷം വേർ ഹൗസിങ് കോർപ്പറേഷൻ എംഡി കൃഷിവകുപ്പിലേക്ക് അയച്ച കത്തുകളുടെയും അതോടൊപ്പം ഉള്ളടക്കം ചെയ്ത മറ്റ് രേഖകളുടെയും പകർപ്പുകൾ നൽകണമെന്ന് ആവശ്യപ്പെടുന്നു.

25. മേൽപ്പറഞ്ഞ വിഷയത്തിൽ കോർപ്പറേഷന്റെ കത്തുകൾക്ക് കൃഷി വകുപ്പ് അയച്ച എല്ലാ മറുപടി കത്തുകളുടെയും പകർപ്പുകൾ നൽകണമെന്ന് ആവശ്യപ്പെടുന്നു.

26. വേർഹൗസിംഗ് കോർപ്പറേഷൻ പെൻഷൻ ട്രസ്റ്റ് ഫണ്ട് കമ്മിറ്റി ചെയർമാനായ കോർപ്പറേഷൻ മാനേജിംഗ് ഡയറക്ടർ കൃഷി വകുപ്പ് സെക്രട്ടറിക്ക് 12.2.2025 ൽ കെ.എസ്.ഡബ്ല്യു.സി. പെൻഷൻ/ ഗവ/ 2024-25ൽ നമ്പറായി അയച്ച കത്തിന്റെ പകർപ്പും അതോടൊപ്പം ഉള്ളടക്കം ചെയ്ത ഡയറക്ടർ ബോർഡ് മീറ്റിങ്ങിലെ 3777 നമ്പർ റസല്യൂഷന്റെ കോപ്പിയും നൽകണമെന്ന് ആവശ്യപ്പെടുന്നു.

27. മേൽ കത്തിന് കൃഷിവകുപ്പ് സെക്രട്ടറി കോർപ്പറേഷൻ എം.ഡിക്ക് അയച്ച കത്തുകളുടെ പകർപ്പുകൾ നൽകണമെന്ന് ആവശ്യപ്പെടുന്നു.

28. വേർഹൗസിംഗ് കോർപ്പറേഷനിലെ നിയമനങ്ങൾ കേരള പബ്ലിക് സർവീസ് കമ്മീഷനും നൽകിക്കൊണ്ട് കൃഷിവകുപ്പ് 23-2-2021 ൽ പുറപ്പെടുവിച്ച ഉത്തരവിൽ കെ .സ്.ഡബ്ല്യു.സി സ്റ്റാഫ് റെഗുലേഷനിൽ ആവശ്യമായ ഭേദഗതി വരുത്തുന്നതിന് നിർദേശം നൽകിയിരുന്നു അതു പ്രകാരം കോർപ്പറേഷൻ എംഡി സ്റ്റാഫ് റെഗുലേഷൻ വരുത്തുന്ന ഭേദഗതികളുടെ കരട് പ്രൊപ്പോസൽ സഹിതം അയച്ച കത്തിന്റെയും അതിൽ ഉള്ളടക്കം ചെയ്ത രേഖകളുടെയും പകർപ്പുകൾ നൽകണമെന്ന് ആവശ്യപ്പെടുന്നു.

29. മേൽപ്പറഞ്ഞ കത്തിന് കൃഷിവകുപ്പ് വേർഹൗസിംഗ് കോർപ്പറേഷന് അയച്ച മറുപടി കത്തിന്റെ പകർപ്പും പിന്നീടുള്ള തുടർകത്തുകളുടെയും പകർപ്പുകൾ നൽകണമെന്ന് ആവശ്യപ്പെടുന്നു.

30. കേരള സംസ്ഥാന ഹൗസിംഗ് കോർപ്പറേഷനിൽ പതിനൊന്നാമത് പേ റിവിഷൻ (സർക്കാർ ജീവനക്കാരുടെ പേ റിവിഷൻ ഉത്തരവ് GO(P) NO.27/2021 fin dt-10/02/2021) നടപ്പാക്കുന്നതുമായി ബന്ധപ്പെട്ട് കോർപ്പറേഷൻ എംഡി കൃഷിവകുപ്പിലേക്ക് അയച്ച കത്തുകളുടെയും അതോടൊപ്പം ഉള്ളടക്കം ചെയ്ത രേഖകളുടെയും പകർപ്പുകൾ നൽകണമെന്ന് ആവശ്യപ്പെടുന്നു.

31. മേൽപ്പറഞ്ഞ 11ാമത് പേറിവിഷൻ നടപ്പാക്കുന്നതുമായി ബന്ധപ്പെട്ട് കോർപ്പറേഷൻ നൽകിയ കത്തിന് കൃഷിവകുപ്പ് നൽകിയ മറുപടിക്കത്തിന്റെയും തുടർക്കത്തുകളുടെയും പകർപ്പുകൾ നൽകണമെന്ന് ആവശ്യപ്പെടുന്നു.

32. കൃഷി വകുപ്പിന് കീഴിലുള്ള എല്ലാ പൊതുമേഖല സ്ഥാപനങ്ങൾ/ കോർപ്പറേഷനുകൾ മറ്റുള്ള സ്ഥാപനങ്ങളിലെ മാനേജിംഗ് ഡയറക്ടർ/ ചീഫ് എക്സിക്യൂട്ടീവ് ഓഫീസർ നിയമനം പബ്ലിക് എന്റർപ്രൈസസ് ബോർഡിന്റെ കീഴിൽ ആക്കിയിട്ടുണ്ടോ? ഉണ്ടെങ്കിൽ പ്രസ്തുത സർക്കാർ ഉത്തരവിന്റെ പകർപ്പുകൾ നൽകണമെന്ന് ആവശ്യപ്പെടുന്നു.

അപേക്ഷാ ഫീ പത്തു രൂപയുടെ കോർട്ട് ഫീ സ്റ്റാമ്പ് പതിച്ചിട്ടുണ്ട്.

കരിവെള്ളൂർ

29-03-2025

വിശ്വസ്തതയോടെ

ജയരാജൻ.കെ.പി. 29/3/25

KERALA KERAKARSHAKA SAHAKARANA FEDERATION Ltd. No. 4370 KERAFED
An ISO Certified 9001:2015 Kerala Government Enterprise
കേരാഫെഡ്

വിവരാവകാശ നിയമം- 2005

KFD/442/2025/ADM1

തീയതി. 19/4/2025

ശ്രീ. കെ. പി. ജയരാജൻ
ചന്തുകുട്ടി മന്ദിരം
കരിവെള്ളൂർ. പി.ഒ,
കണ്ണൂർ- 670521

സർ,

വിഷയം : കേരഫെഡ്- വിവരാവകാശ നിയമം -2005- മറുപടി നൽകുന്നത്- സംബന്ധിച്ച്

സൂചന : 29/3/2025 ലെ താങ്കളുടെ വിവരാവകാശ അപേക്ഷയോടൊന്നിച്ച് കൃഷി (പി.യു) വകുപ്പിൽ നിന്നും വന്നിട്ടുള്ള 11/4/2025 ലെ AGRI-PU2/54/2025/AGRI നമ്പർ കത്ത്

സൂചനയിലേക്ക് താങ്കളുടെ ശ്രദ്ധ ക്ഷണിക്കുന്നു. താങ്കൾ സൂചനപ്രകാരം സമർപ്പിച്ചിട്ടുള്ള വിവരാവകാശ അപേക്ഷയിലെ 10-ാം നമ്പർ ചോദ്യത്തിന് കേരഫെഡുമായി ബന്ധപ്പെട്ട മറുപടി ചുവടെ കൊടുക്കുന്നു.

ചോദ്യം നം. 10) സഹകരണ നിയമപ്രകാരം രജിസ്റ്റർ ചെയ്തു പ്രവർത്തിക്കുന്ന കേരളത്തിലെ നാളികേര കർഷക സഹകരണ സംഘങ്ങളുടെ അപ്പക്സ് ഫെഡറേഷനായ കേരാഫെഡിൽ സഹകരണസംഘങ്ങൾക്ക് ബാധകമായ 58 വയസ്സാണ് ജീവനക്കാരുടെ വിരമിക്കൽ പ്രായം.

മേൽ മറുപടിയിൽ തൃപ്തികരമല്ലാത്ത പക്ഷം ഈ കത്ത് കിട്ടി 30 ദിവസത്തിനകം താങ്കൾക്ക് അപ്പീൽ അധികാരിയ്ക്ക് മുമ്പാകെ അപ്പീൽ സമർപ്പിക്കാവുന്നതാണ്. അപ്പീൽ അധികാരിയുടെ മേൽവിലാസം ചുവടെ കൊടുക്കുന്നു;

അപ്പീൽ അധികാരി
മാനേജിംഗ് ഡയറക്ടർ
കേരഫെഡ്, കേരടവർ, വാട്ടർവർക്സ് കോമ്പൌണ്ട്
വെള്ളയമ്പലം, തിരുവനന്തപുരം
ഫോൺ നമ്പർ- 0471 2320504

എൽ. സുനിത
സീനിയർ അഡ്മിനിസ്ട്രേറ്റീവ് ഓഫീസർ
സ്റ്റേറ്റ് പബ്ലിക് ഇൻഫർമേഷൻ ഓഫീസർ
കേരഫെഡ് ഹെഡ് ഓഫീസ്, തിരുവനന്തപുരം

8

| KERAFED - H.O. | | | |
| --- | --- | --- | --- |
| A.O. | M (P) | M (Extn) | D (Fn) |
| M.M. | 0 8 APR 2025 | | M (Fn) |
| Sr. M (Fin) | | | R(IS) |

പ്രേഷിതൻ

അഭിരാജ്
കാവിന്റെ തറയിൽ
ആദിനാട് തെക്ക്
കാട്ടിൽക്കടവ് പി.ഒ
കരുനാഗപ്പള്ളി
കൊല്ലം -690542

സ്വീകർത്താവ്

പബ്ളിക് ഇൻഫർമേഷൻ ഓഫീസർ
കേരഫെഡ് ഹെഡ്ഓഫീസ്
കേരാ ടവർ, വെള്ളയമ്പലം
വികാസ് ഭവൻ പി.ഒ
തിരുവനന്തപുരം 695033

വിഷയം : വിവരാവകാശ നിയമ പ്രകാരം അറിയുന്നതിന്

1. ഗവൺമെന്റിന്റെ അംഗീകാരം ലഭിച്ച എത്ര വർക്കർ പോസ്റ്റുകൾ കേരഫെഡിൽ ഉണ്ട്?
2. ഈ പോസ്റ്റുകളിൽ നിലവിൽ എത്ര സ്ഥിരം ജീവനക്കാർ ഉണ്ട്?
3. ടി പോസ്റ്റിലെ താൽക്കാലിക ജീവനക്കാരുടെ എണ്ണമെത്ര?
4. താൽക്കാലിക നിയമനം നടന്നിട്ടുണ്ടെങ്കിൽ ആയതിലേക്ക് ഇന്റർവ്യൂവോ എക്സാമോ നടത്തിയിട്ടുണ്ടോ?
5. എക്സാം/ ഇന്റർവ്യൂവിന്റെ അടിസ്ഥാനത്തിൽ നിലവിൽ എത്ര ജീവനക്കാരെ എടുത്തിട്ടുണ്ട്?
6. കേരഫെഡിൽ ഡൈയിംങ്ങ് ഇൻ ഹാർനെസ് മാനദണ്ഡപ്രകാരം എടുത്തിട്ടുള്ള ജീവനക്കാർ അവിടെ സ്ഥിരം ജീവനക്കാരായിരുന്നവരുടെ ആശ്രിതരാണോ?
7. കേരഫെഡ് കരുനാഗപ്പള്ളി പ്ലാന്റിലെ വർക്കറായ ശ്രീമതി ചന്ദികയുടെ ഭർത്താവ് ശ്രീ. രാജു മരിച്ചപ്പോൾ അദ്ദേഹം കേരഫെഡിലെ സ്ഥിരം ജീവന ക്കാരനായിരുന്നോ?
8. അല്ലങ്കിൽ അങ്ങനെ ഡൈയിംങ്ങ് ഇൻ ഹാർനെസ് നിയമനം നടക്കുന്നത് ഏത് മാനദണ്ഡത്തിലാണ്?
9. ചന്ദിക സ്ഥിരപ്പെടുമ്പോൾ അവർ എത്ര വർഷം ജോലിചെയ്തതിന് ശേഷമാണ് സ്ഥിരപ്പെടുന്നത്?
10. കാഷ്വൽ വർക്കറായിരുന്നവരെ എത്ര ഘട്ടങ്ങളിലായി സ്ഥിരപ്പെടുത്തിയിട്ടുണ്ട്?
11. അങ്ങനെ സ്ഥിരപ്പെടുത്തിയതായിട്ടുള്ള കാഷ്വൽ വർക്കറൻമാരുടെ എണ്ണമെത്ര?
12. സ്ഥിരപ്പെടുത്തിയ വർക്കർമാരിൽ ആർക്കൊക്കെ പ്രമോഷൻ നൽകിയിട്ടുണ്ട്?
13. ആ പോസ്റ്റിൽ അവർക്ക് ആ പോസ്റ്റിന്റേതായ ശമ്പളം നൽകുന്നുണ്ടോ?

വിശ്വസ്തതയോടെ,

കരുനാഗപ്പള്ളി
~~10.03.2025~~
4/4/2025

അഭിരാജ്
Abhi

**KERALA KERAKARSHAKA SAHAKARANA FEDERATION Ltd. No. 4370** KERAFED കേരാഫെഡ്

An ISO Certified 9001:2015 Kerala Government Enterprise

നം.കെഎഫ്ഡി/423/2025-എഡിഎം3/ 170 തീയതി 19/04/2025

KERAFED HO
23 APR 2025
DESPATCHED

അഭിരാജ്,
കാവിന്റെ തറയിൽ,
ആദിനാട് തെക്ക്,
കാട്ടിൽക്കടവ് പി.ഒ,
കരുനാഗപ്പള്ളി,
കൊല്ലം - 690542

സർ,

വിഷയം : കേരഫെഡ് - വിവരാവകാശനിയമം 2005-മറുപടി നൽകുന്നത് - സംബന്ധിച്ച്

സൂചന : താങ്കളുടെ 04/04/2025 തീയതിയിലെ വിവരാവകാശനിയമപ്രകാരമുള്ള അപേക്ഷ

സൂചനയിലേക്ക് ശ്രദ്ധ ക്ഷണിക്കുന്നു. കേരഫെഡിലെ വർക്കർ തസ്തികയിലെ നിയമനങ്ങൾ സംബന്ധിച്ച് സൂചന പ്രകാരം ആവശ്യപ്പെട്ട വിവരങ്ങൾ ചുവടെ ചേർക്കുന്നു.

1. കേരഫെഡ് നിയമനച്ചട്ടത്തിൽ വർക്കർ തസ്തിക ഉൾപ്പെട്ടിട്ടില്ല.
2. നിലവിൽ കേരഫെഡിൽ വർക്കർ തസ്തികയിൽ 20 സ്ഥിരജീവനക്കാർ ജോലി ചെയ്തു വരുന്നു.
3. കേരഫെഡിൽ വർക്കർ/കാഷ്വൽ വർക്കർ തസ്തികകളിലായി 72 പേർ താൽക്കാലികാടിസ്ഥാനത്തിൽ ജോലി ചെയ്തു വരുന്നു.
4. ഉണ്ട്
5. പരീക്ഷയുടെയും അഭിമുഖത്തിന്റെയും അടിസ്ഥാനത്തിൽ 56 ജീവനക്കാരെയാണ് വർക്കർ തസ്തികയിൽ താൽക്കാലികാടിസ്ഥാനത്തിൽ നിയമിച്ചിട്ടുള്ളത്.
6. അതെ

7&8. കേരഫെഡ് കരുനാഗപ്പള്ളി പ്ലാന്റിലെ വർക്കറായ ശ്രീമതി ചന്ദ്രികയുടെ ഭർത്താവ് മരണപ്പെടുന്ന സമയത്ത് പ്ലാന്റിൽ കാഷ്വൽ വർക്കർ തസ്തികയിലാണ് ജോലി ചെയ്തിരുന്നത്. ടിയാന്റെ സേവനം റെഗുലറൈസ് ചെയ്തിരുന്നില്ല. മരണപ്പെട്ട സ്ഥിര ജീവനക്കാരുടെ ആശ്രിതർക്കാണ് സമാശ്വാസ തൊഴിൽദാന പദ്ധതി പ്രകാരം ആശ്രിതനിയമനം നൽകി വരുന്നത്. എന്നാൽ ശ്രീമതി ചന്ദ്രികയുടെ ഭർത്താവ് രാജു 17/05/2015 ൽ മരണപ്പെടുന്ന സമയത്ത്, ടിയാന്റെ സേവനം റെഗുലറൈസ് ചെയ്തിരുന്നില്ലെങ്കിലും ടിയാന്റെ കൂടെ ജോലി ചെയ്തിരുന്ന 25 കാഷ്വൽ വർക്കർമാരുടെ സേവനം 16/03/2020 ൽ വർക്കർ തസ്തികയിൽ ക്രമവൽക്കരിച്ച സാഹചര്യത്തിലാണ്, ആശ്രിത നിയമനത്തിനുള്ള യോഗ്യത മാനദണ്ഡങ്ങളിൽ ഇളവ് വരുത്തി, ഒരു പ്രത്യേക കേസായി പരിഗണിച്ച്, ശ്രീമതി എസ്.ചന്ദ്രികയ്ക്ക് വർക്കർ തസ്തികയിൽ നിയമനം നൽകുന്നതിന് 07/02/2022 ൽ സർക്കാർ അനുമതി നൽകിയിട്ടുള്ളത്.

9. 09/09/2015 മുതൽ ദിവസവേതനാടിസ്ഥാനത്തിൽ വർക്കർ തസ്തികയിൽ ജോലി ചെയ്തിരുന്ന ശ്രീമതി ചന്ദ്രികയ്ക്ക് സർക്കാർ അനുമതിയുടെ അടിസ്ഥാനത്തിൽ 07/02/2022 പ്രാബല്യത്തിലാണ് സ്ഥിരനിയമനം നൽകിയിട്ടുള്ളത്.

10. കേരഫെഡിൽ കാഷ്വൽ വർക്കർ തസ്തികയിൽ ജോലി ചെയ്തിരുന്ന ജീവനക്കാരെ രണ്ട് ഘട്ടങ്ങളിലായി സ്ഥിരപ്പെടുത്തിയിട്ടുണ്ട്.

11. രണ്ട് ഘട്ടങ്ങളിലായി 148 കാഷ്വൽ വർക്കർമാരെ കേരഫെഡിൽ സ്ഥിരപ്പെടുത്തിയിട്ടുണ്ട്.

12. സ്ഥിരപ്പെടുത്തിയിട്ടുള്ള വർക്കർമാരിൽ പ്രൊമോഷൻ നൽകിയിട്ടുള്ള 42 ജീവനക്കാർ നിലവിൽ ജോലി ചെയ്തു വരുന്നു.

13. ഓരോ പ്രൊമോഷൻ തസ്തികയും കേരഫെഡ് ഭരണസമിതി തീരുമാനത്തിന്റെ അടിസ്ഥാനത്തിലാണ് ശമ്പളം നിർണയിച്ചു നൽകിയിട്ടുള്ളത്.

മേൽപ്പടി മറുപടി തൃപ്തികരമല്ലായെങ്കിൽ ഈ കത്ത് കിട്ടി 30 ദിവസത്തിനകം താങ്കൾക്ക് അപ്പീൽ അധികാരിയ്ക്ക് അപ്പീൽ സമർപ്പിക്കാവുന്നതാണ്. അപ്പീൽ അധികാരിയുടെ മേൽവിലാസം ചുവടെ ചേർക്കുന്നു.

<u>അപ്പീൽ അധികാരി</u>

മാനേജിംഗ് ഡയറക്ടർ,
കേരഫെഡ്, കേര ടവർ,
വാട്ടർ വർക്ക്സ് കോമ്പൗണ്ട്,
വെള്ളയമ്പലം, തിരുവനന്തപുരം
ഫോൺ നം. 0471 2320504

എൽ.സുനിത
സീനിയർ അഡ്മിനിസ്ട്രേറ്റീവ് ഓഫീസർ &
സ്റ്റേറ്റ് പബ്ലിക് ഇൻഫർമേഷൻ ഓഫീസർ ,
കേരഫെഡ് ഹെഡ് ഓഫീസ്, തിരുവനന്തപുരം.

O/C

7

| KERAFED - H.O. | | | |
|---|---|---|---|
| A.O. | M (P) | M (Extn) | D (Fin) |
| M.M. | 21 APR 2025 | | M (Fin) |
| (Fin) | | | R (MS) |

പ്രേഷിതൻ

ഐശ്വര്യ. പി.
വേദനിലയം
കടമ്പൻമേൽ, ചാവടിനട....
വെങ്ങാനൂർ. പി.ഒ. പിൻ. 695523.

21/04/2025

സ്വീകർത്താവ്.

ചീഫ് ഇൻഫർമേഷൻ ഓഫീസർ / മാനേജിംഗ് ഡയറക്ടർ
കേരഫെഡ്, കേരടവർ, നന്ദാവനം, [illegible]
തിരുവനന്തപുരം - 695033

## വിവരാവകാശ നിയമം 2005 പ്രകാരമുള്ള അപേക്ഷ

സർ,

താഴെ പറയുന്ന ചോദ്യങ്ങൾക്ക് വിവരാവകാശ നിയമം 2005 പ്രകാരം മറുപടി നൽകണമെന്ന് അപേക്ഷിക്കുന്നു.

ചോദ്യം:

1. 29.09.2022 ലെ GO (MS) No: 83/2022/Agri date 29/09/2022. കേരഫെഡ് Recruitment Rule പ്രകാരം - Category 8 - Accountant തസ്തിക 9 എണ്ണം ഉള്ളപ്പോൾ 4 എണ്ണം നീക്കി വച്ച് ബാക്കി 5 ഒഴിവുകൾ മാത്രം PSC നിയമനത്തിന് റിപ്പോർട്ട് ചെയ്യാനിടയായതിന് പ്രത്യേക കാരണങ്ങളുണ്ടോ?
2. ഈ കഴിഞ്ഞ 6 മാസത്തിനിടയിൽ നാളിത് വരെ കേരഫെഡിലെ Accountant തസ്തികയിൽ ഏതെങ്കിലും ജീവനക്കാർക്ക് പ്രമോഷൻ നൽകിയിട്ടുണ്ടോ? പ്രമോഷൻ നൽകിയിട്ടുണ്ടെങ്കിൽ ഏതൊക്കെ തസ്തികയിൽ ജോലി ചെയ്ത് വന്നിരുന്ന ജീവനക്കാർക്ക് എന്ന് മുതലാണ് പ്രമോഷൻ നൽകിയിട്ടുള്ളത്?
3. നിലവിൽ കേരഫെഡിൽ എത്ര പേർ സ്ഥിരം ജൂനിയർ അസിസ്റ്റന്റ് അഥവാ തത്തുല്യ തസ്തികയിൽ ജോലി ചെയ്ത് വരുന്നു? ടി തസ്തികയിൽ അഥവാ തത്തുല്യ തസ്തികയിൽ ജോലി ചെയ്ത് വരുന്ന ജീവനക്കാരുടെ റിട്ടയർമെന്റ് തീയതികൾ വ്യക്തമാക്കുക?

(മറുപുറം) →

4. ജൂനിയർ അസിസ്റ്റന്റ് തസ്തികയുടെ പ്രൊമോഷൻ തസ്തികയായ അക്കൗണ്ടന്റ് തസ്തികയിലേക്ക് പ്രൊമോഷന് യോഗ്യരായ എത്ര ജൂനിയർ അസിസ്റ്റന്റുമാർ അഥവാ തത്തുല്യ തസ്തികയിലുള്ളവർ കോർപ്പറേഷനിൽ നിലവിൽ ജോലി ചെയ്യുന്നുണ്ടെന്ന് വ്യക്തമാക്കുമോ?

5. ~~റിക്രൂട്ട്മെന്റ് റെഗുലേഷൻസ് കോർപ്പറേഷനിൽ നിലവിൽ വന്ന~~ സാഹചര്യത്തിൽ ഏതെങ്കിലും വിധത്തിൽ Accountant തസ്തികയിൽ പി.എസ്.സി മുഖേനയല്ലാതെ നേരിട്ടുള്ള നിയമനത്തിന് നിയമ സാധുതയുണ്ടോ?

6. പി.എസ്.സിക്ക് റിപ്പോർട്ട് ചെയ്യാതെ അവശേഷിക്കുന്ന 4 Accountant ~~തസ്തികകളിൽ~~ തസ്തികകളിൽ ഇനി എത്ര എണ്ണം പി.എസ്.സി യ്ക്ക് റിപ്പോർട്ട് ചെയ്യും എന്നുള്ള വിവരം വ്യക്തമാക്കുമോ?

15/04/2025
വെങ്ങാനൂർ.

Aiswarya S P
ഐശ്വര്യ.എസ്.പി.

KERALA KERAKARSHAKA SAHAKARANA FEDERATION Ltd. No. 4370 KERAFED
An ISO Certified 9001 : 2015 Kerala Government Enterprise
കേരാഫെഡ്

KFD/485/2025-ADM1 തീയതി /5/2025

ഐശ്വര്യ. എസ്. പി
വേദനിലയം
കട്ടച്ചൽമേലെ, ചാവടിനട
വെങ്ങാനൂർ. പി.ഒ, തിരുവനന്തപുരം- 695 523

സർ,

വിഷയം : കേരാഫെഡ്- വിവരാവകാശ നിയമം- 2005 - മറുപടി നൽകുന്നത്- സംബന്ധിച്ച്

സൂചന : 15/4/2025 ലെ താങ്കളുടെ വിവരാവകാശ അപേക്ഷ

സൂചനയിലേക്ക് താങ്കളുടെ ശ്രദ്ധ ക്ഷണിക്കുന്നു. കേരഫെഡിലെ അക്കൌണ്ടന്റ് തസ്തികയുമായി ബന്ധപ്പെട്ട് സൂചനാകത്ത് പ്രകാരം താങ്കൾ ആവശ്യപ്പെട്ടിട്ടുള്ള വിവരങ്ങൾ ചുവടെ ചേർക്കുന്നു

1) വിശദീകരണങ്ങൾ ചോദിക്കുക, വ്യാഖ്യാനങ്ങൾ ആവശ്യപ്പെടുക, അഭിപ്രായങ്ങൾ ആരായുക, സംശയനിവൃത്തി വരുത്തുക, പരാതികളിൽ പരിഹാരം തേടുക തുടങ്ങിയവ വിവരാവകാശനിയമം 2സെക്ഷൻ 2(f) ന്റെ പരിധിയിൽ വരുന്നതല്ലാത്തതിനാൽ ഉത്തരം നൽകേണ്ടതില്ല എന്നറിയിക്കുന്നു.

2) ഇല്ല

3 & 4) കേരഫെഡിൽ ജൂനിയർ അസിസ്റ്റന്റ് തസ്തിക നിലവിലില്ല എന്നാൽ അസിസ്റ്റന്റ് തസ്തികയിലുള്ള 3 സ്ഥിരം ജീവനക്കാർ സേവനമനുഷ്ഠിച്ചു വരുന്നു. പ്രസ്തുത 3 ജീവനക്കാരും അക്കൌണ്ടന്റ് തസ്തികയിലേക്കുള്ള പ്രൊമോഷന് അർഹതയുള്ളവരാണ്. ടിയാളുകൾ യഥാക്രമം 31/5/2025, 31/5/2031, 31/5/2032 എന്നീ തീയതികളിൽ സർവീസിൽ നിന്നും വിരമിക്കും.

5) 29/9/2022 ലെ G.O(Ms) No. 83/2022/Agri റിക്രൂട്ട്മെന്റ് റൂൾ പ്രകാരം അക്കൌണ്ടന്റ് തസ്തികയിലേക്കുള്ള നിയമനരീതി ചുവടെ ചേർക്കുന്നു;

| | |
|---|---|
| Accountant | (i) By promotion from Assistant/ Cashier with prescribed qualifications |
| | (ii) In the absence of qualified hands direct recruitment through KPSC |

6) ചോദ്യം (1) ന്റെ മറുപടിയായി കൊടുത്തിരിക്കുന്നു.

<u>അപ്പീൽ അധികാരി</u>

മാനേജിംഗ് ഡയറക്ടർ
കേരഫെഡ്, കേരടവർ, വാട്ടർവർക്സ് കോമ്പൌണ്ട്

വെള്ളയമ്പലം, തിരുവനന്തപുരം
ഫോൺ നമ്പർ- 0471 2320504

എൽ. സുനിത
സീനിയർ അഡ്മിനിസ്ട്രേറ്റീവ് ഓഫീസർ
സ്റ്റേറ്റ് പബ്ലിക് ഇൻഫർമേഷൻ ഓഫീസർ
കേരഫെഡ് ഹെഡ് ഓഫീസ്, തിരുവനന്തപുരം

മുഖ്യ വിവരാവകാശ ഓഫീസർ
കേരഫെഡ്
വെള്ളയമ്പലം
തിരുവനന്തപുരം

സർ;

കേരഫെഡ് സർവീസിൽ നിന്നും 31-05-2004 ൽ വിരമിച്ച (Deputy Manager Marketing & Sales) ആയ എം.വൈ.എൽദോസ്, 2005 ലെ വിവരാവകാശ നിയമപ്രകാരം സമർപ്പിക്കുന്ന അപേക്ഷ. വിവരാവകാശ നിയമം 2005 പ്രകാരം താഴെ പറയുന്ന കാര്യങ്ങൾക്ക് മറുപടി നൽകണം.

കേരഫെഡിൽ നടപ്പിലാക്കിയ 11-ാം ശമ്പള പരിഷ്കരണത്തിൻറെ 24-07-2023 ന് മുൻപുള്ള ശമ്പള പരിഷ്കരണ കുടിശ്ശിക അനുവദിക്കുന്നതിന് അനുമതി ലഭിക്കുന്നതിനായി സർക്കാരിലേക്ക് കേരഫെഡ് അയച്ച 22-12-2024 ലെ (കത്ത് നമ്പർ: KFD/1697/2024- ADM 1) കത്തിനെ തുടർന്ന് കുടിശ്ശിക അനുവദിക്കുവാൻ സാധ്യമല്ല എന്ന് സർക്കാർ അറിയിച്ചതിനെ തുടർന്ന് വീണ്ടും കുടിശ്ശിക നൽകുന്നതിന് അനുമതി നൽകണമെന്ന് ആവിശ്യപ്പെട്ട് കേരഫെഡ് സർക്കാരിന് കത്ത് നൽകിയിട്ടുണ്ട്. പ്രസ്തുത കത്തിൻറെ പകർപ്പ് നൽകുക.

അപേക്ഷ ഫീസായി 10/- രൂപയും , രേഖകൾ ലഭിക്കുന്നതിനായി 40/- രൂപയും അടക്കം മൊത്തം 50/- രൂപ കേരഫെഡിന്റെ SBI അക്കൗണ്ടിൽ അടച്ച Remittance Slip ഉം ഇതോടൊപ്പം ഉള്ളടക്കം ചെയ്യുന്നു.

എന്ന്

Eldhose M.Y , Retd Deputy Manager
(Marketing & Sales), Kerafed
Mangarath (H), Pindimana (P.O),
Kothamangalam
Ernakulam Dist, Pin : 686692

Kothamangalam

07-04-2025

**SBI** **DEPOSIT / PAY IN SLIP जमा पर्ची**

State Bank of India भारतीय स्टेट बैंक Date : 09/4/25

**Branch शाखा : CHELAD (70537)**

SB/CA/RD/OD/CC/TL/DL A/c No./Credit Card No. 33568200817

Name KERAFED SBI

Tel.No.

Amount ₹ 50/- P.

Rupees in words Fifty only

| Cash/Cheque No./Date & Name of Bank & Branch | ₹ | P. |
|---|---|---|
| भारतीय स्टेट बैंक चेलाड शाखा (70537) State Bank of India CHELAD BRANCH (70537) | | |
| TRANS OUT / BATCH No. | | |
| 09 APR 2025 | | |
| Total | 50/- | |

SWO / Passing Officer ELDHO V

TELLER ID No. 1036399

SBI toll free, 24 Hours Call Centre No. 18004253800, 1800112211

KERALA KERAKARSHAKA SAHAKARANA FEDERATION Ltd. No. 4370

An ISO Certified 9001:2015 Kerala Government Enterprise

KERAFED
കേരാഫെഡ്

വിവരാവകാശ നിയമം- 2005

KFD/437/2025-ADM1

തീയതി. 04/5/2025

Shri. Eldhose. M.Y
Mangarath (H), Pindimana. P.O
Kothamangalam
Ernakulam- 686 692

സർ,

വിഷയം : കേരാഫെഡ്- വിവരാവകാശ നിയമം- 2005-മറുപടി നൽകുന്നത്- സംബന്ധിച്ച്

സൂചന : 07/4/2025 ലെ താങ്കളുടെ വിവരാവകാശ അപേക്ഷ.

സൂചനയിലേക്ക് താങ്കളുടെ ശ്രദ്ധ ക്ഷണിക്കുന്നു. പതിനൊന്നാം ശമ്പളപരിഷ്കരണ കുടിശ്ശിക അനുവദിക്കുന്നതുമായി ബന്ധപ്പെട്ട് സ്പഷ്ടീകരണം ലഭിക്കുന്നതിനായി സർക്കാരിലേക്ക് അയച്ചിട്ടുള്ള കത്തിന്റെ പകർപ്പ്, താങ്കൾ ആവശ്യപ്പെട്ടതിന് പ്രകാരം ഇതോടൊന്നിച്ച് അയയ്ക്കുന്നു.

മേൽ നടപടിയിൽ ആക്ഷേപമുള്ള പക്ഷം ഈ കത്ത് കിട്ടി 30 ദിവസത്തിനകം താങ്കൾക്ക് അപ്പീൽ അധികാരിയ്ക്ക് മുമ്പാകെ അപ്പീൽ സമർപ്പിക്കാവുന്നതാണ്. അപ്പീൽ അധികാരിയുടെ മേൽവിലാസം ചുവടെ കൊടുക്കുന്നു

<u>അപ്പീൽ അധികാരി</u>
മാനേജിംഗ് ഡയറക്ടർ
കേരഫെഡ്, കേരടവർ, വാട്ടർവർക്സ് കോമ്പൌണ്ട്
വെള്ളയമ്പലം, തിരുവനന്തപുരം
ഫോൺ നമ്പർ- 0471 2320504

എൽ .സുനിത
സീനിയർ അഡ്മിനിസ്ട്രേറ്റീവ് ഓഫീസർ
സ്റ്റേറ്റ് പബ്ലിക് ഇൻഫർമേഷൻ ഓഫീസർ
കേരഫെഡ് ഹെഡ് ഓഫീസ്, തിരുവനന്തപുരം

From,


സഫിയ എൻ.കെ
നാലുകണ്ടത്തിൽ
മായനാട് (P.O)
കോഴിക്കോട്
673008
Ph:9995516753


Rs.10 COURT FEE भारत INDIA TEN RUPEES

KERAFED
A.O. | M (P) | M (Ext)
M.M. 07 MAR 2025

To,

Public Information Officer,
KERAFED,
വെള്ളയമ്പലം,
വികാസ് ഭവൻ, TVM.

Sir/Madam,

വിഷയം : RTI Act, 2005, വിവരാവകാശനിയമപ്രകാരം വിവരങ്ങൾ അറിയുന്നതിനെ സംബന്ധിച്ച്.

കേരളാ PSC പുറത്തിറക്കിയ 183/2023 വിജ്ഞാപനപ്രകാരം അസിസ്റ്റന്റ് മാനേജർ (Extension and Procurement) എന്ന തസ്തികയുമായി ബന്ധപ്പെട്ട ചുവടെ ചേർത്ത ചോദ്യങ്ങൾക്ക് വിവരാവകാശനിയമപ്രകാരം മറുപടി നൽകാൻ താൽപര്യപ്പെടുന്നു.

ചോദ്യം 1 – KERAFEDൽ Assistant Manager (Extension and Procurement) തസ്തികയിൽ സംസ്ഥാനതലത്തിൽ ആകെ എത്ര പോസ്റ്റുകളാണുള്ളത്?

ചോദ്യം 2 – ഇതേ തസ്തികയിൽ നിലവിൽ ആകെ എത്ര ഒഴിവുകളാണുള്ളത്?

ചോദ്യം 3 – ഏതൊക്കെ ജില്ലകളിലാണ് നിലവിൽ ഒഴിവുകളുള്ളത്?

ചോദ്യം 4 – 183/2023 വിജ്ഞാപനത്തിനു വേണ്ടി നാളിതുവരെ എത്ര ഒഴിവുകളാണ് PSCയിൽ റിപ്പോർട്ട് ചെയ്തിട്ടുള്ളത്?

ചോദ്യം 5 – പ്രസ്തുത തസ്തികയിലേക്ക് PSCയിൽ റിപ്പോർട്ട് ചെയ്യാത്ത ഒഴിവുകളുടെ എണ്ണം എത്രയാണ്?

ചോദ്യം 6 – മേൽപ്പറഞ്ഞ തസ്തികയിൽ താഴെ പറയുന്ന കാലയളവിൽ വരാൻ സാധ്യതയുള്ള പ്രമോഷൻ/റിട്ടയർമെന്റ് വഴിയുള്ള പ്രതീക്ഷിത ഒഴിവുകൾ എത്രയാണ്?

ചോദ്യം 6A) – 29/1/2026 വരെയുള്ള കാലയളവിൽ പ്രതീക്ഷിത ഒഴിവുകൾ എത്രയാണ്? ഉണ്ടെങ്കിൽ ആ ഒഴിവ് പ്രാബല്യത്തിൽ വരിക എന്ന് മുതലായിരിക്കും?

ചോദ്യം 6B) - 29/1/2027 വരെയുള്ള കാലയളവിൽ പ്രതീക്ഷിത ഒഴിവുകൾ എത്രയാണ്? ഉണ്ടെങ്കിൽ ആ ഒഴിവ് പ്രാബല്യത്തിൽ വരിക എന്ന് മുതലായിരിക്കും?

ചോദ്യം 6C) - 29/1/2028 വരെയുള്ള കാലയളവിൽ പ്രതീക്ഷിത ഒഴിവുകൾ എത്രയാണ്? ഉണ്ടെങ്കിൽ ആ ഒഴിവ് പ്രാബല്യത്തിൽ വരിക എന്ന് മുതലായിരിക്കും?

ചോദ്യം 7 - 183/2023 കേരള PSC യുടെ വിജ്ഞാപനപ്രകാരം നടത്തിയ പരീക്ഷയിൽ നിന്നും ഇതേ യോഗ്യതയുള്ള കേഡറിലെ തന്നെ മറ്റു പോസ്റ്റുകളിലേക്ക് നിയമനം നടത്താൻ സാധ്യതയുണ്ടോ? ഉണ്ടെങ്കിൽ ഏതെല്ലാം തസ്തികകളിലേക്കായിരിക്കും എന്ന് അറിയിക്കാമോ?

05-03-2025
മായനാട്.

വിശ്വസ്തതയോടെ,

(ഒപ്പ്)

ഷഫീല എൻ.കെ

KERALA KERAKARSHAKA SAHAKARANA FEDERATION Ltd. No. 4370

An ISO Certified 9001:2015 Kerala Government Enterprise

KERAFED
കേരാഫെഡ്

KFD/297/2025-ADM1 തീയതി. 17/3/2025

സഫിയ എൻ. കെ
നാല്വകണ്ടത്തിൽ
മായനാട് (പി.ഒ)
കോഴിക്കോട്- 673008

സർ/ മാഡം,

വിഷയം :- കേരാഫെഡ്- വിവരാവകാശ നിയമം- 2005- മറുപടി നൽകുന്നത്- സംബന്ധിച്ച്

സൂചന :- 05/3/2025 ലെ താങ്കളുടെ വിവരാവകാശ അപേക്ഷ

സൂചനയിലേക്ക് താങ്കളുടെ ശ്രദ്ധ ക്ഷണിക്കുന്നു. കേരഫെഡിലെ അസിസ്റ്റന്റ് മാനേജർ (Extension and Procurement) തസ്തികയിലെ ഒഴിവുകളെ സംബന്ധിച്ച് സൂചനപ്രകാരം താങ്കൾ സമർപ്പിച്ച അപേക്ഷയിൽ ആവശ്യപ്പെട്ടിട്ടുള്ള വിവരങ്ങൾ ചുവടെ ചേർക്കുന്നു;

ചോദ്യം നം. (1), (2), (4), (5), (6) , 6(A), 6(B) & 6(C)

29/9/2022 ലെ സ.ഉ (എം.എസ്). 83/2022/AGRI പ്രകാരമുള്ള റിക്രൂട്ട്മെന്റ് റൂൾ അനുസരിച്ച് കേരഫെഡിൽ 3 അസിസ്റ്റന്റ് മാനേജർ (Extension and Procurement) തസ്തികകളാണ് നിലവിലുള്ളത്. ആയത് പി.എസ്.സി-യ്ക്ക് റിപ്പോർട്ട് ചെയ്തിട്ടുണ്ട്. അസിസ്റ്റന്റ് മാനേജർ (Extension and Procurement) തസ്തികയിലേക്ക് പി.എസ്.സി മുഖേന നേരിട്ടുള്ള നിയമനമാണ് നടത്തുന്നത്.

3) നോർത്ത് സോൺ- കോഴിക്കോട്, സൌത്ത് സോൺ- തിരുവനന്തപുരം, സെൻട്രൽ സോൺ- എറണാകുളം

7) ഇല്ല.

മുകളിൽ കൊടുത്തിട്ടുള്ള മറുപടി തൃപ്തികരമല്ലായെങ്കിൽ ഈ കത്ത് കിട്ടി 30 ദിവസത്തിനകം താങ്കൾക്ക് അപ്പീൽ അധികാരിയ്ക്ക് അപ്പീൽ സമർപ്പിക്കാവുന്നതാണ്. അപ്പീൽ അധികാരിയുടെ മേൽവിലാസം ചുവടെ കൊടുക്കുന്നു.

<u>അപ്പീൽ അധികാരി</u>
മാനേജിംഗ് ഡയറക്ടർ
കേരഫെഡ്, കേരടവർ, വാട്ടർവർക്സ് കോമ്പൌണ്ട്
വെള്ളയമ്പലം, തിരുവനന്തപുരം
ഫോൺ നമ്പർ- 0471 2320504

എൽ. സുനിത
സീനിയർ അഡ്മിനിസ്ട്രേറ്റീവ് ഓഫീസർ
സ്റ്റേറ്റ് പബ്ലിക് ഇൻഫർമേഷൻ ഓഫീസർ
കേരഫെഡ് ഹെഡ് ഓഫീസ്, തിരുവനന്തപുരം

From,
രേഷ്മ.ജി
കേശവഭവനം
കോവൂർ, അരിനല്ലൂർ P.O
690538, കൊല്ലം
Ph: 8089028361

8
12/2/2025

KKVIB - H.O.
A.C | M (F) | M (Exln) | D (F)
M.M. 11 FEB 2025 M(F)
Sc. M (Fin) | R(F)

To,
ശ്രീകല.S
സ്റ്റേറ്റ് പബ്ലിക് ഇൻഫർമേഷൻ ഓഫീസർ,
- അഡ്മിനിസ്ട്രേറ്റീവ് ഓഫീസർ
ഖാദി ബോർഡ് ഹെഡ് ഓഫീസ്, തിരുവനന്തപുരം

വിഷയം : വിവരാവകാശനിയമം 2005 പ്രകാരം അറിയേണ്ട കാര്യങ്ങൾ ചുവടെ ചേർക്കുന്നു.

1) കോട്ടയം [illegible] സ്ഥാപനത്തിലെ [illegible] 2025 [illegible] നടത്തിയ നിയമനങ്ങളുടെ എണ്ണം.

2) ഈ സ്ഥാപനത്തിലേക്കുള്ള നിയമനങ്ങൾ [illegible] നടന്നത്, അവരുടെ പേരും മറ്റുവിവരങ്ങളും.

3) ഇതുവരെ ഈ ലിസ്റ്റിൽ നിന്നും ~~[illegible]~~ നിയമിച്ചിട്ടുള്ള എത്ര പേരാണ് നിലവിൽ ഈ ജോലിയിൽ നിന്നും വിട്ടുപോയത്.

4) ആശ്രിതനിയമനത്തിൽ നിലവിൽ എത്ര പേരെ നിയമിച്ചിട്ടുണ്ട്. അവരുടെ പേരും വിവരങ്ങളും.

സ്ഥലം : കോവൂർ
തീയതി : 10/2/2025

അപേക്ഷിക്കുന്നത്
പേര് : രേഷ്മ.ജി
ഒപ്പ് : [signature]

KERALA KERAKARSHAKA SAHAKARANA FEDERATION Ltd. No. 4370 KERAFED
An ISO Certified 9001:2015 Kerala Government Enterprise
കേരാഫെഡ്

കെഎഫ്ഡി/196/2025-എഡിഎം3/1179 തീയതി 04/03/2025

KERAFED H.O.
05 MAR 2025
DESPATCHED

രേഷ്മ ജി,
രേഷ്മ ഭവനം,
കോവൂർ, അരിനല്ലൂർ പി.ഒ,
കൊല്ലം – 690538
ഫോൺ : 8089028361

മാഡം,

വിഷയം : കേരഫെഡ് – വിവരാവകാശനിയമം 2005 പ്രകാരമുള്ള അപേക്ഷ – മറുപടി നൽകുന്നത് – സംബന്ധിച്ച്
സൂചന: 11/02/2025 തീയതിയിൽ ഈ ഓഫീസിൽ ലഭിച്ച താങ്കളുടെ വിവരാവകാശനിയമപ്രകാരമുള്ള അപേക്ഷ

സൂചനയിലേക്ക് ശ്രദ്ധ ക്ഷണിക്കുന്നു. കേരഫെഡ് വർക്കർ തസ്തികയിൽ ദിവസവേതനാടിസ്ഥാനത്തിൽ നിയമനം നടത്തുന്നതിനായി തയ്യാറാക്കിയ റാങ്ക് പട്ടിക സംബന്ധിച്ച് സൂചന പ്രകാരം ആവശ്യപ്പെട്ട വിവരങ്ങൾ ചുവടെ ചേർക്കുന്നു.

1. കേരഫെഡിൽ വർക്കർ തസ്തികയിൽ ദിവസവേതനാടിസ്ഥാനത്തിൽ നിയമനം നടത്തുന്നതിനായി തയ്യാറാക്കിയ റാങ്ക് പട്ടിക നിലവിൽ വന്നതിനുശേഷം ടി തസ്തികയിൽ നിന്നും നാളിതുവരെ 2 ജീവനക്കാർ വിരമിച്ചിട്ടുണ്ട്. 2025 മെയ് മാസം വരെ 2 ജീവനക്കാർ കൂടി സേവനത്തിൽ നിന്നും വിരമിക്കുന്നുണ്ട്.
2. വർക്കർ തസ്തികയിലെ റാങ്ക് പട്ടികയിൽ നിന്നും 56 നിയമനങ്ങളാണ് ഇതുവരെ നടത്തിയിട്ടുള്ളത്. പേര് വിവരങ്ങൾ ചുവടെ ചേർക്കുന്നു.

| ക്രമ നം. | പേര് | നിയമനം നൽകിയ ഓഫീസ് | ജോലിയിൽ പ്രവേശിച്ച തീയതി |
|---|---|---|---|
| 1 | സീനത്ത് എം | കേരാഫെഡ് കോക്കനട്ട് കോംപ്ലക്സ്, നടുവണ്ണൂർ | 08/05/2023 |
| 2 | അക്ഷയ് കൃഷ്ണ കെ.പി | കേരാഫെഡ് കോക്കനട്ട് കോംപ്ലക്സ്, നടുവണ്ണൂർ | 08/05/2023 |
| 3 | സജിത സി.കെ | കേരാഫെഡ് കോക്കനട്ട് കോംപ്ലക്സ്, നടുവണ്ണൂർ | 08/05/2023 |
| 4 | വിഷ്ണു എ.എം | കേരാഫെഡ് കോക്കനട്ട് കോംപ്ലക്സ്, നടുവണ്ണൂർ | 09/05/2023 |
| 5 | ശ്രീജിത്ത് എ.കെ | കേരാഫെഡ് കോക്കനട്ട് കോംപ്ലക്സ്, നടുവണ്ണൂർ | 09/05/2023 |
| 6 | ശ്രീജിത്ത് എസ് | കേരാഫെഡ് കോക്കനട്ട് കോംപ്ലക്സ്, നടുവണ്ണൂർ | 09/05/2023 |
| 7 | അനന്തു എസ് | കേരാഫെഡ് കോക്കനട്ട് കോംപ്ലക്സ്, നടുവണ്ണൂർ | 09/05/2023 |
| 8 | സുധീഷ് ബാബു | കേരാഫെഡ് കോക്കനട്ട് കോംപ്ലക്സ്, നടുവണ്ണൂർ | 09/05/2023 |
| 9 | അനീഷ് ബി | കേരാഫെഡ് കോക്കനട്ട് കോംപ്ലക്സ്, നടുവണ്ണൂർ | 09/05/2023 |
| 10 | നിഥിൻ കാർത്തിക് | കേരാഫെഡ് കോക്കനട്ട് കോംപ്ലക്സ്, നടുവണ്ണൂർ | 09/05/2023 |
| 11 | സമീറ എം | കേരാഫെഡ് കോക്കനട്ട് കോംപ്ലക്സ്, നടുവണ്ണൂർ | 09/05/2023 |
| 12 | സുരജ.വി. | കേരാഫെഡ് കോക്കനട്ട് കോംപ്ലക്സ്, നടുവണ്ണൂർ | 10/05/2023 |
| 13 | റിനീഷ് കെ | കേരാഫെഡ് കോക്കനട്ട് കോംപ്ലക്സ്, നടുവണ്ണൂർ | 10/05/2023 |
| 14 | രാജി ആർ | കേരാഫെഡ് കോക്കനട്ട് കോംപ്ലക്സ്, നടുവണ്ണൂർ | 10/05/2023 |
| 15 | മണിമോഹൻ വി | കേരാഫെഡ് കോക്കനട്ട് കോംപ്ലക്സ്, നടുവണ്ണൂർ | 11/05/2023 |
| 16 | മനു കെ | കേരാഫെഡ് കോക്കനട്ട് കോംപ്ലക്സ്, നടുവണ്ണൂർ | 20/05/2023 |

| | | | |
|---|---|---|---|
| 17 | അനന്തു ബി | കേരഫെഡ്ഓയിൽ കോംപ്ലക്സ്, കരുനാഗപ്പള്ളി | 08/05/2023 |
| 18 | ഷിബു ഡി | കേരഫെഡ്ഓയിൽ കോംപ്ലക്സ്, കരുനാഗപ്പള്ളി | 08/05/2023 |
| 19 | രഞ്ജിത്ത് ആർ | കേരഫെഡ്ഓയിൽ കോംപ്ലക്സ്, കരുനാഗപ്പള്ളി | 08/05/2023 |
| 20 | അജ ഡി | കേരഫെഡ്ഓയിൽ കോംപ്ലക്സ്, കരുനാഗപ്പള്ളി | 08/05/2023 |
| 21 | വിഷ്ണു വിക്രം | കേരഫെഡ്ഓയിൽ കോംപ്ലക്സ്, കരുനാഗപ്പള്ളി | 08/05/2023 |
| 22 | സേതുമാധവൻ എം.എ | കേരഫെഡ്ഓയിൽ കോംപ്ലക്സ്, കരുനാഗപ്പള്ളി | 08/05/2023 |
| 23 | മൻസൂർ എം | കേരഫെഡ്ഓയിൽ കോംപ്ലക്സ്, കരുനാഗപ്പള്ളി | 08/05/2023 |
| 24 | വിവേക് വിജയൻ | കേരഫെഡ്ഓയിൽ കോംപ്ലക്സ്, കരുനാഗപ്പള്ളി | 08/05/2023 |
| 25 | ഹസീന എം | കേരഫെഡ്ഓയിൽ കോംപ്ലക്സ്, കരുനാഗപ്പള്ളി | 08/05/2023 |
| 26 | ഗുരുദാസ് ആർ | കേരഫെഡ്ഓയിൽ കോംപ്ലക്സ്, കരുനാഗപ്പള്ളി | 08/05/2023 |
| 27 | രാജി എസ് | കേരഫെഡ്ഓയിൽ കോംപ്ലക്സ്, കരുനാഗപ്പള്ളി | 08/05/2023 |
| 28 | ഷെബിൻ എസ് | കേരഫെഡ്ഓയിൽ കോംപ്ലക്സ്, കരുനാഗപ്പള്ളി | 08/05/2023 |
| 29 | ദിവ്യ ആർ | കേരഫെഡ്ഓയിൽ കോംപ്ലക്സ്, കരുനാഗപ്പള്ളി | 08/05/2023 |
| 30 | വിഘ്നേഷ് വി പി | കേരഫെഡ്ഓയിൽ കോംപ്ലക്സ്, കരുനാഗപ്പള്ളി | 08/05/2023 |
| 31 | സന്തൂപ് എസ് | കേരഫെഡ്ഓയിൽ കോംപ്ലക്സ്, കരുനാഗപ്പള്ളി | 08/05/2023 |
| 32 | സുനിൽ കുമാർ വൈ | കേരഫെഡ്ഓയിൽ കോംപ്ലക്സ്, കരുനാഗപ്പള്ളി | 08/05/2023 |
| 33 | അനീഷ് ഡി | കേരഫെഡ്ഓയിൽ കോംപ്ലക്സ്, കരുനാഗപ്പള്ളി | 08/05/2023 |
| 34 | സലീം ഇ | കേരഫെഡ്ഓയിൽ കോംപ്ലക്സ്, കരുനാഗപ്പള്ളി | 08/05/2023 |
| 35 | സജിത്ത് എസ് | കേരഫെഡ്ഓയിൽ കോംപ്ലക്സ്, കരുനാഗപ്പള്ളി | 08/05/2023 |
| 36 | സുബ്ബു എസ് | കേരഫെഡ്ഓയിൽ കോംപ്ലക്സ്, കരുനാഗപ്പള്ളി | 08/05/2023 |
| 37 | ആതിര ബാബു | കേരഫെഡ്ഓയിൽ കോംപ്ലക്സ്, കരുനാഗപ്പള്ളി | 08/05/2023 |
| 38 | ഹാരിസ് ബി | കേരഫെഡ്ഓയിൽ കോംപ്ലക്സ്, കരുനാഗപ്പള്ളി | 08/05/2023 |
| 39 | അഖിൽ കൃഷ്ണൻ ജി | കേരഫെഡ്ഓയിൽ കോംപ്ലക്സ്, കരുനാഗപ്പള്ളി | 08/05/2023 |
| 40 | നോബി പി.ആർ | കേരഫെഡ്ഓയിൽ കോംപ്ലക്സ്, കരുനാഗപ്പള്ളി | 08/05/2023 |
| 41 | ശ്രീജിത്ത് കെ.എസ് | കേരഫെഡ്ഓയിൽ കോംപ്ലക്സ്, കരുനാഗപ്പള്ളി | 08/05/2023 |
| 42 | ദീപക് വി | കേരഫെഡ്ഓയിൽ കോംപ്ലക്സ്, കരുനാഗപ്പള്ളി | 08/05/2023 |
| 43 | ബൈജു കുമാർ ബി | കേരഫെഡ്ഓയിൽ കോംപ്ലക്സ്, കരുനാഗപ്പള്ളി | 08/05/2023 |
| 44 | ദേവിക എച്ച് | കേരഫെഡ്ഓയിൽ കോംപ്ലക്സ്, കരുനാഗപ്പള്ളി | 08/05/2023 |
| 45 | പ്രവീൺ സി | കേരഫെഡ്ഓയിൽ കോംപ്ലക്സ്, കരുനാഗപ്പള്ളി | 08/05/2023 |
| 46 | സതീശൻ കെ | കേരഫെഡ്ഓയിൽ കോംപ്ലക്സ്, കരുനാഗപ്പള്ളി | 08/05/2023 |
| 47 | രഞ്ജിത്ത് വി.പി | കേരഫെഡ്ഓയിൽ കോംപ്ലക്സ്, കരുനാഗപ്പള്ളി | 08/05/2023 |
| 48 | രാഹുൽ എം | കേരഫെഡ്ഓയിൽ കോംപ്ലക്സ്, കരുനാഗപ്പള്ളി | 08/05/2023 |
| 49 | ബിനീഷ് ദാനി ഡി | കേരഫെഡ്ഓയിൽ കോംപ്ലക്സ്, കരുനാഗപ്പള്ളി | 09/05/2023 |
| 50 | പ്രശാന്ത് ജി.ആർ | കേരഫെഡ്ഓയിൽ കോംപ്ലക്സ്, കരുനാഗപ്പള്ളി | 09/05/2023 |
| 51 | സുധി എസ് | കേരഫെഡ്ഓയിൽ കോംപ്ലക്സ്, കരുനാഗപ്പള്ളി | 09/05/2023 |
| 52 | വിനീത് റ്റി | കേരഫെഡ്ഓയിൽ കോംപ്ലക്സ്, കരുനാഗപ്പള്ളി | 10/05/2023 |
| 53 | രാഹുൽ നാഥ് ആർ | കേരഫെഡ്ഓയിൽ കോംപ്ലക്സ്, കരുനാഗപ്പള്ളി | 10/05/2023 |
| 54 | അസ് ലം എ സലീം | കേരഫെഡ്ഓയിൽ കോംപ്ലക്സ്, കരുനാഗപ്പള്ളി | 13/05/2023 |
| 55 | ജിതിൻ പ്രകാശ് | കേരഫെഡ്ഓയിൽ കോംപ്ലക്സ്, കരുനാഗപ്പള്ളി | 15/05/2023 |
| 56 | മനു വി | കേരഫെഡ്ഓയിൽ കോംപ്ലക്സ്, കരുനാഗപ്പള്ളി | 15/05/2023 |

3. റാങ്ക് ലിസ്റ്റിൽ നിന്നും നിയമിച്ച 3 പേർ നിലവിൽ ജോലിയിൽ തുടരുന്നില്ല.

4. റാങ്ക് ലിസ്റ്റ് നിലവിൽ വന്നതിനുശേഷം 2 പേർക്ക് കേരഫെഡ് കരുനാഗപ്പള്ളി ഓയിൽ കോംപ്ലക്സിൽ സമാശ്വാസ തൊഴിൽദാന പദ്ധതി പ്രകാരം ആശ്രിതനിയമനം നൽകിയിട്ടുണ്ട്.

പേര് വിവരങ്ങൾ ചുവടെ ചേർക്കുന്നു.

| ക്രമ നം. | പേര് | നിയമനം നൽകിയ ഓഫീസ് | ജോലിയിൽ പ്രവേശിച്ച തീയതി |
|---|---|---|---|
| 1 | ശ്രീ. ഗിരീഷ് കുമാർ എസ് | കേരഫെഡ് ഓയിൽ കോംപ്ലക്സ്, കരുനാഗപ്പള്ളി | 17.08.2023 |
| 2 | ശ്രീ.ശബരിപാലൻ ജെ | കേരഫെഡ് ഓയിൽ കോംപ്ലക്സ്, കരുനാഗപ്പള്ളി | 18.10.2024 |

മേൽപ്പടി മറുപടി തൃപ്തികരമല്ലായെങ്കിൽ ഈ കത്ത് കിട്ടി 30 ദിവസത്തിനകം താങ്കൾക്ക് അപ്പീൽ അധികാരിയ്ക്ക് അപ്പീൽ സമർപ്പിക്കാവുന്നതാണ്. അപ്പീൽ അധികാരിയുടെ മേൽവിലാസം ചുവടെ ചേർക്കുന്നു.

<u>അപ്പീൽ അധികാരി</u>
മാനേജിംഗ് ഡയറക്ടർ,
കേരഫെഡ്, കേര ടവർ,
വാട്ടർ വർക്ക്സ് കോമ്പൌണ്ട്
വെള്ളയമ്പലം, തിരുവനന്തപുരം
ഫോൺ നം. 0471 2320504

എൽ.സുനിത
സീനിയർ അഡ്മിനിസ്ട്രേറ്റീവ് ഓഫീസർ,
സ്റ്റേറ്റ് പബ്ലിക് ഇൻഫർമേഷൻ ഓഫീസർ ,
കേരഫെഡ് കേന്ദ്ര ഓഫീസ്, തിരുവനന്തപുരം.

o/c

3

"ഭരണഭാഷ- മാതൃഭാഷ"

കേരള സർക്കാർ

കൃഷി (പി.യു) വകുപ്പ്

നമ്പർ.പി.യു3/42/2025-കൃഷി

04-02-2025,തിരുവനന്തപുരം

പ്രേഷകൻ

പ്രിൻസിപ്പൽ സെക്രട്ടറി

സ്വീകർത്താവ്

മാനേജിംഗ് ഡയറക്ടർ

പ്ലാന്റേഷൻ കോർപ്പറേഷൻ ഓഫ് കേരള / സ്റ്റേറ്റ് ഫാമിംഗ് കോർപ്പറേഷൻ ഓഫ് കേരള / ഓയിൽ പാം ഇന്ത്യ ലിമിറ്റഡ് / കേരള സംസ്ഥാന വെയർഹൗസിംഗ് കോർപ്പറേഷൻ / കേരള ലാന്റ് ഡെവലപ്പ്മെന്റ് കോർപ്പറേഷൻ / കേരള അഗ്രോ മെഷീനറി കോർപ്പറേഷൻ / കേരള അഗ്രോ ഇൻഡസ്ട്രീസ് കോർപ്പറേഷൻ / കേരഫെഡ്

സർ,

വിഷയം:- കൃഷി വകുപ്പ് - 2025 കലണ്ടർ വർഷത്തെ പ്രതീക്ഷിത ഒഴിവുകൾ കേരള പബ്ലിക് സർവ്വീസ് കമ്മീഷന് റിപ്പോർട്ട് ചെയ്യുന്നത്-സംബന്ധിച്ച്.

സൂചന:- 09.12.2024 ലെ ഉപ.സി3/200/2024/പി&ആർഡി നമ്പർ സർക്കുലർ (പകർപ്പ് ഉള്ളടക്കം ചെയ്യുന്നു.)

സൂചനയിലേയ്ക്ക് താങ്കളുടെ ശ്രദ്ധ ക്ഷണിക്കുന്നു. 2025 കലണ്ടർ വർഷത്തെ (2025 ജനുവരി 1 മുതൽ 2025 ഡിസംബർ 31 വരെ) പ്രതീക്ഷിത ഒഴിവുകൾ സൂചന സർക്കുലർ പ്രകാരം നിശ്ചിത പ്രൊഫോർമയിൽ പി.എസ്.സിക്ക് റിപ്പോർട്ട് ചെയ്യേണ്ടതും പ്രസ്തുത വിവരം സർക്കാരിൽ ലഭ്യമാക്കേണ്ടതുമാണ്.

വിശ്വസ്തതയോടെ,
അഖില ചാക്കോ കെ എ എസ്
അണ്ടർ സെക്രട്ടറി
പ്രിൻസിപ്പൽ സെക്രട്ടറിയ്ക്കുവേണ്ടി

അംഗീകാരത്തോടെ
Signed by
Premchand C P
Date: 04-02-2025 17:03:27
സെക്ഷൻ ഓഫീസർ

"ഭരണഭാഷ- മാതൃഭാഷ"

കേരള സർക്കാർ

നമ്പർ.AGRI-AG1/30/2025-AGRI

കൃഷി (കൃഷി) വകുപ്പ്

തിരുവനന്തപുരം

തിയതി: 29-01-2025

അനൗദ്യോഗിക കുറിപ്പ്

വിഷയം:- കൃഷി വകുപ്പ് -2025 കലണ്ടർ വർഷത്തെ പ്രതീക്ഷിത ഒഴിവുകൾ കേരള പബ്ലിക് സർവ്വീസ് കമ്മീഷന് റിപ്പോർട്ട് ചെയ്യുന്നത് -സംബന്ധിച്ച്

സൂചന:- ഉദ്യോഗസ്ഥ ഭരണപരിഷ്കാര(എവിസി - V) വകുപ്പിന്റെ 23.01.2025- ലെ AVC-V-1/1/2025-P&ARD നമ്പർ അനൗദ്യോഗിക കുറിപ്പ്(ഉള്ളടക്കം ചെയ്യുന്നു)

മേൽ സൂചനയിലേയ്ക്ക് കൃഷി(ഇഎ,ഇബി,ഫാംസ്,പിയു) വകുപ്പുകളുടെ ശ്രദ്ധ ക്ഷണിക്കാവുന്നതും ഉദ്യോഗസ്ഥ ഭരണപരിഷ്കാര വകുപ്പിന്റെ 09/12/2024 -ലെ ഉപ.സി3/200/2024/ പി & ആർ ഡി നമ്പർ സർക്കുലർ പ്രകാരം ടി വകുപ്പുകളുടെ അധികാര പരിധിയിൽ വരുന്ന എല്ലാ വകുപ്പുകളിലേയും, പി.എസ്.സി മുഖേന നിയമനം നടത്തുന്ന പൊതുമേഖലാ സ്ഥാപനങ്ങളിലേയും (കമ്പനി/ബോർഡ്/കോർപ്പറേഷൻ ഉൾപ്പെടെ) എല്ലാ തസ്തികകളിലേയും 2025 കലണ്ടർ വർഷത്തെ (2025 ജനുവരി 1 മുതൽ 2025 ഡിസംബർ 31 വരെ) പ്രതീക്ഷിത ഒഴിവുകൾ നിശ്ചിത പ്രൊഫോർമയിൽ അടിയന്തരമായി പി.എസ്.സി-ക്ക് റിപ്പോർട്ട് ചെയ്യിക്കുന്നതിനുള്ള നടപടി സ്വീകരിക്കേണ്ടതാണെന്ന് ആവശ്യപ്പെടാവുന്നതും പ്രസ്തുത വിവരങ്ങൾ ഈ വകുപ്പിലേക്ക് ലഭ്യമാക്കുവാൻ അഭ്യർത്ഥിക്കാവുന്നതുമാണ്.

ANJALY V S

ഡെപ്യൂട്ടി സെക്രട്ടറി

കൃഷി(ഇഎ,ഇബി,ഫാംസ്,പിയു) വകുപ്പുകൾക്ക്

ഉത്തരവിൻ പ്രകാരം

സെക്ഷൻ ഓഫീസർ.

അടിയന്തരം

"ഭരണഭാഷ- മാതൃഭാഷ" കേരള സർക്കാർ

നമ്പർ.എവിസി-V-1/1/2025-ഉഭപവ
ഉദ്യോഗസ്ഥ ഭരണപരിഷ്കാര(എവിസി - V) വകുപ്പ്
തിരുവനന്തപുരം
തീയതി: 23-01-2025

## അനൗദ്യോഗിക കുറിപ്പ്

വിഷയം:- ഉഭപവ. - 2025 കലണ്ടർ വർഷത്തെ പ്രതീക്ഷിത ഒഴിവുകൾ കേരള പബ്ലിക് സർവ്വീസ് കമ്മീഷന് റിപ്പോർട്ട് ചെയ്യുന്നത് - സംബന്ധിച്ച്.

സൂചന:- ഉദ്യോഗസ്ഥ ഭരണപരിഷ്കാര(ഉപദേശ-സി) വകുപ്പിന്റെ 09-12-2024-ലെ ഉപ.സി.3/200/2024/പി&ആർ.ഡി നമ്പർ സർക്കുലർ (പകർപ്പ് ഉള്ളടക്കം ചെയ്യുന്നു).

സൂചനയിലേക്ക് ആരോഗ്യ കുടുംബക്ഷേമ, ഊർജ്ജ, ഉപഭോക്തൃകാര്യ വിവര പൊതുജനസമ്പർക്ക, സാംസ്കാരിക കാര്യ, നികുതി, തൊഴിൽ, കൃഷി, ധനകാര്യ, വ്യവസായ, ടൂറിസം വകുപ്പുകളുടെ ശ്രദ്ധ ക്ഷണിക്കാവുന്നതും അതിൻ പ്രകാരം പ്രസ്തുത വകുപ്പിനു കീഴിലുള്ള എല്ലാ വകുപ്പുകളിലേയും, പി.എസ്.സി മുഖേന നിയമനം നടത്തുന്ന പൊതുമേഖലാ സ്ഥാപനങ്ങളിലേയും (കമ്പനി/ബോർഡ്/കോർപ്പറേഷൻ ഉൾപ്പെടെ) എല്ലാ തസ്തികകളിലേയും 2025 കലണ്ടർ വർഷത്തെ (2025 ജനുവരി 1 മുതൽ 2025 ഡിസംബർ 31 വരെ) പ്രതീക്ഷിത ഒഴിവുകൾ നിശ്ചിത പ്രൊഫോർമയിൽ അടിയന്തരമായി പി.എസ്.സി-ക്ക് റിപ്പോർട്ട് ചെയ്യിക്കുന്നതിനുള്ള നടപടി സ്വീകരിച്ച് വിവരങ്ങൾ ലഭ്യമാക്കുവാൻ ആ വകുപ്പുകളോട് അഭ്യർത്ഥിക്കാവുന്നതാണ്.

വിവരങ്ങൾ സമാഹരിച്ച് സമർപ്പിക്കുന്നതിനായി അതത് വകുപ്പുകളിലെ അണ്ടർ സെക്രട്ടറി തലത്തിൽ കുറയാത്ത ഒരു ഉദ്യോഗസ്ഥനെ നോഡൽ ഓഫീസറായി നിയമിച്ച് പേര്, തസ്തിക, ഫോൺ നമ്പർ ഉൾപ്പെടെയുള്ള വിവരങ്ങൾ ഈ വകുപ്പിനെ അറിയിക്കേണ്ടതുമാണ്.

ലത എച്ച് എസ്
അണ്ടർ സെക്രട്ടറി

ആരോഗ്യ കുടുംബക്ഷേമ (DHS & DME), ഊർജ്ജ, ഉപഭോക്തൃകാര്യ വിവര പൊതുജനസമ്പർക്ക, സാംസ്കാരിക കാര്യ, നികുതി (GST), തൊഴിൽ (ITI & Labour Court), കൃഷി (Soil Conservation), ധനകാര്യ (National Savings), വ്യവസായ (Mining & Geology), ടൂറിസം വകുപ്പുകൾക്ക്.

ഉത്തരവിൻ പ്രകാരം

സെക്ഷൻ ഓഫീസർ.

"ഭരണഭാഷ- മാതൃഭാഷ"

കേരള സർക്കാർ

ഉദ്യോഗസ്ഥ ഭരണ പരിഷ്കാര (ഉപദേശ-സി) വകുപ്പ്

നം.ഉപ.സി.3 /200/2024/പി&എ.ആർ.ഡി

തിരുവനന്തപുരം,
തീയതി: 09-12-2024

<u>സർക്കുലർ</u>

വിഷയം:- ഉദ്യോഗസ്ഥ ഭരണ പരിഷ്കാര വകുപ്പ് - പി.എസ്.സി നിയമനം- 2025 കലണ്ടർ വർഷത്തിലെ പ്രതീക്ഷിത ഒഴിവുകൾ മുൻകൂറായി കേരള പബ്ലിക് സർവ്വീസ് കമ്മീഷനെ അറിയിക്കുന്നത് സംബന്ധിച്ച നിർദ്ദേശങ്ങൾ പുറപ്പെടുവിക്കുന്നു.

സൂചന:-
1. സ.ഉ.(കൈ)നം. 232/1971 /PD തീയതി 12.08.1971.
2. സ.ഉ.(പി)നം.38/1992 /ഉഭപവ തീയതി 18.09.1992.
3. സർക്കുലർ നം.ഉപ.സി3/141 /2017/ഉഭപവ തീയതി 29-07-2022
4. സർക്കുലർ നം.ഉപ.സി3/150 /2023/ഉഭപവ തീയതി 26-10-2023
5. സർക്കുലർ നം.ഉപ.സി3/20/2024/പി.&എ.ആർ.ഡി തീയതി 19-03-2024

സൂചന (1 ) ഉത്തരവ് പ്രകാരം എല്ലാ നിയമനാധികാരികളും എല്ലാ വർഷവും ജൂൺ 1-ാം തീയതിയ്ക്കകം വകുപ്പിലെ ഓരോ തസ്തികകളിലും തൊട്ടടുത്ത വർഷം ഉണ്ടായേക്കാവുന്ന പ്രതീക്ഷിത ഒഴിവുകൾ മുൻകൂട്ടി കണക്കാക്കി കേരള പബ്ലിക് സർവ്വീസ് കമ്മീഷന് റിപ്പോർട്ട് ചെയ്യണമെന്നും, ഒഴിവുകൾ ഒന്നും തന്നെ പ്രതീക്ഷിക്കുന്നില്ല എങ്കിൽ അക്കാര്യം വ്യക്തമാക്കിക്കൊണ്ടുള്ള റിപ്പോർട്ട് നിർബന്ധമായും നൽകിയിരിക്കണമെന്നും നിർദ്ദേശം നൽകിയിരുന്നു.

2. തുടർന്ന്, എല്ലാ വകുപ്പ് തലവന്മാരും / നിയമനാധികാരികളും ഒരു കലണ്ടർ വർഷത്തിൽ വിരമിക്കൽ/ഉദ്യോഗക്കയറ്റം/ തസ്തിക സൃഷ്ടിക്കൽ/അന്യത്ര സേവനം മുതലായവ മൂലമുണ്ടാകുന്ന പ്രതീക്ഷിത ഒഴിവുകളും പി.എസ്.സി. നിയമന ശുപാർശ നൽകുന്ന ഉദ്യോഗാർത്ഥി സർവ്വീസിൽ പ്രവേശിക്കാത്തതു മൂലം (NJD) ഉണ്ടായ ഒഴിവും കണക്കാക്കി കേരള പബ്ലിക് സർവ്വീസ് കമ്മീഷനും, ഗവ. സെക്രട്ടറിയേറ്റിലെ ബന്ധപ്പെട്ട ഭരണ വകുപ്പിനും ഉദ്യോഗസ്ഥ ഭരണ പരിഷ്കാര (ഉപദേശ-സി) വകുപ്പിനും മുൻകൂറായി റിപ്പോർട്ട് ചെയ്യണമെന്നും നിർദ്ദേശിച്ചിരുന്നു. 2024 കലണ്ടർ വർഷത്തിലെ പ്രതീക്ഷിത ഒഴിവുകൾ മുൻകൂട്ടി കണക്കാക്കി റിപ്പോർട്ട് ചെയ്യുവാൻ സൂചന (4) സർക്കുലറിലൂടെ എല്ലാ നിയമനാധികാരികൾക്കും നിർദ്ദേശം നൽകിയിരുന്നു.

3. മേൽ സാഹചര്യത്തിൽ, ഒഴിവുകൾ മുൻകൂട്ടി കണക്കാക്കി കേരള പി.എസ്.സി യ്ക്ക് റിപ്പോർട്ട് ചെയ്യുന്നതിനുള്ള കാലതാമസം ഒഴിവാക്കുന്നതിലേക്ക് എല്ലാ വകുപ്പ് തലവന്മാർക്കും നിയമനാധികാരികൾക്കും താഴെപ്പറയുന്ന നിർദ്ദേശങ്ങൾ സർക്കാർ പുറപ്പെടുവിക്കുന്നു.

i. എല്ലാ വകുപ്പ് തലവന്മാരും/നിയമനാധികാരികളും 2025 കലണ്ടർ വർഷത്തിൽ (2025 ജനുവരി 1 മുതൽ 2025 ഡിസംബർ 31 വരെ) ഓരോ തസ്തികകളിലും ഉണ്ടാകുവാൻ സാദ്ധ്യതയുള്ള പ്രതീക്ഷിത ഒഴിവുകൾ കണക്കാക്കി, പി.എസ്.സി മുഖേന നികത്തപ്പെടേണ്ട ഒഴിവുകൾ 25-12-2024 നകം കേരള പബ്ലിക് സർവ്വീസ് കമ്മീഷനെ (പി.എസ്.സി) അറിയിക്കേണ്ടതാണ്. ഒഴിവുകൾ പ്രതീക്ഷിക്കുന്നില്ലായെങ്കിൽ 'ഒഴിവുകൾ ഇല്ല' എന്ന് കേരള പി.എസ്.സി യെ അറിയിക്കേണ്ടതാണ്. പി.എസ്.സി യ്ക്ക് റിപ്പോർട്ട് ചെയ്ത 2025 കലണ്ടർ വർഷത്തെ പ്രതീക്ഷിത ഒഴിവുകൾ സംബന്ധിച്ച വിവരങ്ങൾ 31-12-2024 നകം സെക്രട്ടേറിയറ്റിലെ ബന്ധപ്പെട്ട ഭരണ വകുപ്പിനും, ഉദ്യോഗസ്ഥ ഭരണ പരിഷ്കാര (അഡ്മിനിസ്ട്രേറ്റീവ് വിജിലൻസ് സെൽ) വകുപ്പിനും താഴെ പറയുന്ന രീതിയിൽ റിപ്പോർട്ട് ചെയ്യേണ്ടതാണ്.

| വകുപ്പ് | തസ്തിക | പ്രതീക്ഷിത ഒഴിവുകളുടെ എണ്ണം | കേരള പബ്ലിക് സർവ്വീസ് കമ്മീഷന് റിപ്പോർട്ട് ചെയ്ത ഒഴിവുകളുടെ എണ്ണം | കേരള പബ്ലിക് സർവ്വീസ് കമ്മീഷന് റിപ്പോർട്ട് ചെയ്ത തീയതി |
|---|---|---|---|---|
| (1) | (2) | (3) | (4) | (5) |
| | | | | |

ii. വിവിധ വകുപ്പുകളിൽ ഡ്രൈവർ/ഡ്രൈവർ കം ഓഫീസ് അറ്റന്റന്റ് തസ്തികയിൽ 2025 കലണ്ടർ വർഷത്തിൽ ഉണ്ടാകുന്ന പ്രതീക്ഷിത ഒഴിവുകൾ റിപ്പോർട്ട് ചെയ്യേണ്ടതില്ല. അവ യഥാർത്ഥ ഒഴിവുകൾ ആകുന്ന മുറയ്ക്ക് സൂചന (5) സർക്കുലറിലെ വ്യവസ്ഥകൾ പാലിച്ചുകൊണ്ട് മാത്രം പി.എസ്.സി യ്ക്ക് റിപ്പോർട്ട് ചെയ്താൽ മതിയാകും.

iii. സംസ്ഥാനതല റിക്രൂട്ട്മെന്റുകൾ നടക്കുന്ന തസ്തികകളിൽ പ്രതീക്ഷിത ഒഴിവുകൾ റിപ്പോർട്ടു ചെയ്യേണ്ടത് ബന്ധപ്പെട്ട വകുപ്പ് അദ്ധ്യക്ഷനായിരിക്കണം.

iv. ജില്ലാതല റിക്രൂട്ട്മെന്റ് നടക്കുന്ന തസ്തികയിൽ നിന്നും സ്ഥാനക്കയറ്റം ലഭിച്ച ഒരു ഉദ്യോഗസ്ഥൻ വിരമിക്കുമ്പോൾ ഏത് ജില്ലയിലാണ് എൻട്രി കേഡർ തസ്തികയിൽ ഒഴിവ് ഉണ്ടാകുക എന്നത്

സീനിയോരിറ്റി ലിസ്റ്റിന്റെ അടിസ്ഥാനത്തിൽ കണക്കാക്കി വകുപ്പ് തലവൻ ജില്ലാ ഓഫീസറെ അറിയിക്കേണ്ടതും, ജില്ലാ ഓഫീസർ അത് കേരള പബ്ലിക് സർവ്വീസ് കമ്മീഷനെ അറിയിക്കേണ്ടതുമാണ്.

v. പ്രതീക്ഷിത ഒഴിവുകൾ കണക്കാക്കുമ്പോൾ സ്പെഷ്യൽ റൂൾസ് പ്രകാരം അനുവദനീയമായ തസ്തിക മാറ്റ നിയമനം, അന്തർ ജില്ലാ/അന്തർ വകുപ്പ് സ്ഥലം മാറ്റം, ആശ്രിത നിയമനം, മറ്റ് നിയമനങ്ങൾ എന്നിവയ്ക്കായി ഒഴിവുകൾ കണക്കാക്കി നീക്കി വയ്ക്കേണ്ടതാണ്.

vi. കേരള പബ്ലിക് സർവ്വീസ് കമ്മീഷന് ഒഴിവ് റിപ്പോർട്ട് ചെയ്യുമ്പോൾ നിയമനാധികാരികൾ അതീവ ജാഗ്രതയും കൃത്യതയും പുലർത്തേണ്ടതാണ്. ഒരിക്കൽ പി.എസ്.സി യ്ക്ക് റിപ്പോർട്ട് ചെയ്ത ഒഴിവുകൾ റദ്ദ് ചെയ്യുവാനോ കുറവ് വരുത്തുവാനോ കഴിയില്ല. ഒഴിവ് നിലവിൽ വരുന്ന തീയതി അനുസരിച്ചാണ് നിയമനം ഏതുവിധത്തിൽ നടത്തണം എന്ന കാര്യം തീരുമാനിക്കപ്പെടുന്നത് എന്നതിനാൽ ഒഴിവ് നിലവിൽ വരുന്ന തീയതി കൃത്യമായി രേഖപ്പെടുത്തേണ്ടതാണ്. ഒരിക്കൽ പി.എസ്.സി യ്ക്ക് റിപ്പോർട്ട് ചെയ്ത ഒഴിവ് ഉദ്യോഗക്കയറ്റം / സ്ഥലം മാറ്റം എന്നിവയിലൂടെ നികത്തുവാൻ പാടില്ല.

vii. പ്രതീക്ഷിത ഒഴിവുകൾ പി.എസ്.സി.ക്ക് റിപ്പോർട്ട് ചെയ്യുമ്പോൾ സ്പെഷ്യൽ റിക്രൂട്ട്മെന്റിനായി റിസർവ്വ് ചെയ്തവയും, ജനറൽ റിക്രൂട്ട്മെന്റിനുള്ള ഒഴിവുകളും പ്രത്യേകമായി തരംതിരിച്ച് തന്നെ റിപ്പോർട്ട് ചെയ്യുന്നതിൽ പ്രത്യേക ശ്രദ്ധ പുലർത്തേണ്ടതാണ്.

viii. ആറ് മാസമോ അതിലധികമോ ദൈർഘ്യമുള്ള അവധി ഒഴിവുകൾ, അന്യത്ര സേവന ഒഴിവുകൾ എന്നിവ പ്രതീക്ഷിത ഒഴിവുകളായി കണക്കാക്കി പി.എസ്.സി യ്ക്ക് റിപ്പോർട്ട് ചെയ്യേണ്ടതാണ്. കൂടാതെ, മൂന്ന് മുതൽ ആറ് മാസം വരെയുള്ള അവധി ഒഴിവ് ദീർഘകാലം നിലനിന്നേക്കാനും, പുതിയ ഒഴിവുകൾ അക്കാലയളവിൽ ഉണ്ടായേക്കുവാനും സാദ്ധ്യതയുണ്ടെങ്കിൽ ടി ഒഴിവുകളും പി.എസ്.സി യ്ക്ക് റിപ്പോർട്ട് ചെയ്യേണ്ടതാണ്.

എന്നാൽ, പ്രത്യേക റാങ്ക് പട്ടികകളിൽ നിന്ന് നിയമനം നടത്തുന്നതും, കേഡർ സ്ട്രെങ്ത് വളരെ കുറവുള്ളതുമായ തസ്തികകളുടെ കാര്യത്തിൽ, ആറ് മാസമോ അതിലധികമോ ദൈർഘ്യമുള്ള അവധി ഒഴിവുകൾ, അന്യത്ര സേവന ഒഴിവുകൾ എന്നിവയ്ക്ക് ആനുപാതികമായി പുതിയ ഒഴിവുകൾ അക്കാലയളവിൽ ഉണ്ടായേക്കുവാൻ സാദ്ധ്യതയുണ്ടെങ്കിൽ മാത്രം ടി ഒഴിവുകൾ പി.എസ്.സി യ്ക്ക് റിപ്പോർട്ട് ചെയ്യേണ്ടതാണ്. മൂന്ന് മുതൽ ആറ് മാസം വരെയുള്ള അവധി ഒഴിവുകൾ അവ ദീർഘകാലം നിലനിന്നേക്കാൻ സാദ്ധ്യതയുള്ളതാണെന്ന് കാണുന്ന പക്ഷം പ്രസ്തുത ഒഴിവുകളും മേൽ നിബന്ധനയ്ക്ക് വിധേയമായി പി.എസ്. സി യ്ക്ക് റിപ്പോർട്ട് ചെയ്യാവുന്നതാണ്.

ix. ആറ് മാസം ദൈർഘ്യമുള്ള പ്രസവാവധി ഒഴിവുകൾ പി.എസ്.സി യ്ക്ക് റിപ്പോർട്ട് ചെയ്യേണ്ടതില്ല.

എന്നാൽ പ്രസവാവധി ഒഴിവ് ആറ് മാസത്തിലധികം നിലനിന്നേക്കാനും, പുതിയ ഒഴിവുകൾ അക്കാലയളവിൽ ഉണ്ടായേക്കുവാനും സാദ്ധ്യതയുണ്ടെങ്കിൽ ടി ഒഴിവ് പി.എസ്.സി യ്ക്ക് റിപ്പോർട്ട് ചെയ്യേണ്ടതാണ്.

x. ഒരു റാങ്ക് ലിസ്റ്റ് നിലവിലുള്ളപ്പോൾ ഉണ്ടാകുന്ന പി.എസ്.സി മുഖേന നികത്തേണ്ട എല്ലാ ഒഴിവുകളെല്ലാം പ്രസ്തുത റാങ്ക് ലിസ്റ്റിൽ നിന്നു തന്നെ നികത്തേണ്ടതാണ്.

xi. നിയമന ഉത്തരവ് ലഭിച്ച ഉദ്യോഗാർത്ഥികൾ ജോലിയിൽ പ്രവേശിക്കാത്തതു മൂലമുണ്ടാകുന്ന (NJD) ഒഴിവുകളെല്ലാം നിർദ്ദിഷ്ട പ്രവേശന സമയം കഴിഞ്ഞ ഉടൻ തന്നെ പി.എസ്.സി-ക്ക് റിപ്പോർട്ട് ചെയ്യേണ്ടതാണ്. അപ്രകാരം NJD ഒഴിവ് റിപ്പോർട്ട് ചെയ്യുന്നതിന് മുമ്പ്, പ്രവേശന സമയം ദീർഘിപ്പിക്കുവാനുള്ള അപേക്ഷകളൊന്നും വകുപ്പിന്റെ /സർക്കാരിന്റെ പരിഗണനയിൽ നിലവിലില്ലെന്ന് നിയമനാധികാരി ഉറപ്പുവരുത്തേണ്ടതാണ്.

xii. എംപ്ലോയ്മെന്റ് എക്സ്ചേഞ്ച് മുഖേനയുള്ള നിയമനം, ദിവസക്കൂലി/കരാർ നിയമനം മുതലായ താത്ക്കാലിക നിയമന രീതികളൊന്നും പി.എസ്.സി റാങ്ക് ലിസ്റ്റ് നിലവിലുള്ള ഒരു തസ്തികയിലും അവലംബിക്കുവാൻ പാട്ടുള്ളതല്ല.

xiii. സൂചന (3) സർക്കുലർ പ്രകാരം പി.എസ്.സിയുടെ ഇ-വേക്കൻസി സോഫ്റ്റ് വെയർ സംവിധാനം മുഖാന്തരം നിർബന്ധമായും ഒഴിവുകൾ പി.എസ്.സി യെ അറിയിക്കേണ്ടതാണ്. അതോടൊപ്പം, നിർദ്ദിഷ്ട പ്രൊഫോർമയിൽ (അനുബന്ധമായി ചേർത്തിരിക്കുന്നു) പി.എസ്.സി യ്ക്ക് റിപ്പോർട്ട് ചെയ്യുന്ന ഒഴിവ് വിവരം കൃത്യമാണ് എന്ന് വകുപ്പദ്ധ്യക്ഷൻമാർ/നിയമനാധികാരികൾ ഉറപ്പുവരുത്തേണ്ടതുമാണ്.

4. വകുപ്പദ്ധ്യക്ഷൻമാർ/നിയമനാധികാരികൾ എന്നിവരുടെ ഭാഗത്തുനിന്നും മേൽപ്പറഞ്ഞ നിർദ്ദേശങ്ങളുടെ ലംഘനമുണ്ടായാൽ ആയത് ഗൗരവതരമായി കണക്കാക്കുന്നതാണ്. സെക്രട്ടേറിയറ്റിലെ ബന്ധപ്പെട്ട ഭരണവകുപ്പ് സെക്രട്ടറിമാർ തങ്ങളുടെ കീഴിൽ വരുന്ന വകുപ്പുകളിലെ/സ്ഥാപനങ്ങളിലെ പ്രതീക്ഷിത ഒഴിവുകൾ പി.എസ്.സി യ്ക്ക് റിപ്പോർട്ട് ചെയ്യപ്പെട്ടിട്ടുണ്ടോ എന്നത് പരിശോധിക്കേണ്ടതും, ഇക്കാര്യത്തിൽ വീഴ്ച വരുത്തുന്നവർക്കെതിരെ കർശന നടപടി സ്വീകരിക്കേണ്ടതുമാണ്.

പുനീത് കുമാർ ഐ എ എസ്
അഡീഷണൽ ചീഫ് സെക്രട്ടറി

എല്ലാ അഡീഷണൽ ചീഫ് സെക്രട്ടറിമാർക്കും, പ്രിൻസിപ്പൽ സെക്രട്ടറിമാർക്കും, സ്പെഷ്യൽ സെക്രട്ടറിമാർക്കും, ചീഫ് സെക്രട്ടറിയുടെ സ്പെഷ്യൽ സെക്രട്ടറിക്കും (ഇ-ഓഫീസ് മുഖേന)

സെക്രട്ടേറിയറ്റിലെ നിയമം , ധനകാര്യം ഉൾപ്പെടെയുള്ള എല്ലാ വകുപ്പുകൾക്കും, എല്ലാ സെക്ഷനുകൾക്കും (ഇ-ഓഫീസ്

മുഖേന) (കീഴിൽ വരുന്ന പി.എസ്.സി മുഖാന്തരം നിയമനം നടക്കേണ്ടതായ വകുപ്പുകളുടെ/സ്ഥാപനങ്ങളുടെ നിയമനാധികാരികളെ/മേധാവികളെ അറിയിക്കുന്നതിനായി)

എല്ലാ വകുപ്പ മേധാവികൾക്കും/നിയമനാധികാരികൾക്കും

എല്ലാ ജില്ലാ കളക്ടർമാർക്കും

പി.എസ്.സി മുഖേന നിയമനം നടത്തുന്ന സംസ്ഥാനത്തെ എല്ലാ യൂണിവേഴ്സിറ്റികൾക്കും

ഗവർണ്ണറുടെ സെക്രട്ടറിക്ക് (ആമുഖ കത്ത് സഹിതം)

പ്രിൻസിപ്പൽ അക്കൗണ്ടന്റ് ജനറൽ (ആഡിറ്റ്) കേരളം(ആമുഖ കത്ത് സഹിതം).

അക്കൗണ്ടന്റ് ജനറൽ (എ&ഇ) കേരള, തിരുവനന്തപുരം (ആമുഖ കത്ത് സഹിതം)

സെക്രട്ടറി, കേരള പബ്ലിക് സർവ്വീസ് കമ്മീഷൻ, തിരുവനന്തപുരം(ആമുഖ കത്ത് സഹിതം)

സെക്രട്ടറി, കേരള നിയമസഭ, തിരുവനന്തപുരം (ആമുഖ കത്ത് സഹിതം)

അഡ്വക്കേറ്റ് ജനറൽ, കേരള, എറണാകുളം/ തിരുവനന്തപുരം(ആമുഖ കത്ത് സഹിതം)

രജിസ്ട്രാർ, കേരള ഹൈക്കോടതി, എറണാകുളം (ആമുഖ കത്ത് സഹിതം)

വിവര പൊതുജനസമ്പർക്ക വകുപ്പ് ഡയറക്ടർക്ക് (വിപുലമായ പ്രചാരണത്തിന്)

വിവര പൊതുജന സമ്പർക്ക (വെബ് & ന്യൂ മീഡിയ) വകുപ്പിന് (കേരള സർക്കാരിന്റെ ഔദ്യോഗിക വെബ് സൈറ്റിൽ ഉൾപ്പെടുത്തുന്നതിന്)

നോഡൽ ഓഫീസർ, ഉദ്യോഗസ്ഥ ഭരണ പരിഷ്കാരവകുപ്പ് (വകുപ്പിന്റെ www.pard.kerala.gov.in എന്ന ഔദ്യോഗിക വെബ് സൈറ്റിൽ ഉൾപ്പെടുത്തുന്നതിന്)

സ്റ്റോക്ക് ഫയൽ/ഓഫീസ് കോപ്പി.

ഉത്തരവിൻ പ്രകാരം

Signed by

Sivakumar. G

Date: 10-12-2024 11:30:21

സെക്ഷൻ ഓഫീസർ

## PRO FORMA FOR REPORTING VACANCIES FOR THE YEAR .........

(Vide G.O.(P)No.38/92/P&ARD dated 18.09.1992)

.............................. Department

1. Designation of the post with scale of pay. :

1. Name of the service to which the post belongs [as classified under Kerala Civil Service (Classification, Control, and Appeal) Rules, 1960]. :

2. Method of recruitment i.e., by direct recruitment (If direct recruitment is prescribed as a method of appointment to be reported to only in the absence of qualified hands for promotion/transfer , it should also be made clear whether the method of promotion/transfer has been tried and if so with what results ) or Transfer (the feeder category or categories should be specified wherever possible) or promotion. :

3. The rules or orders of Government if any, prescribing any of the method under item 3 above in respect of the post, the number and date of Government Order or the Service Rules to be quoted. :

4. Qualifications prescribed for each method of recruitment including qualification regarding age. :

5. The rules or orders of Government if any, prescribing the qualifications under item 5 above in respect of the post. (Number and date of Government Order or Rule to be quoted). :

6. Number of vacancies (in the case of District-wise selections, specify whether vacancies are Headquarters or District vacancies). :

8. Whether the vacancy reported is a fresh one caused by retirement/ promotion/creation/deputation etc. or NJD vacancy ie., vacancy caused by the Not Joining Duty of a candidate advised earlier. :

9. If the vacancy is one caused by the not joining duty of candidate advised earlier, specify the name/names of candidates who failed to join duty and the date of advice of those candidates (use separate sheet if space in the pro forma is not sufficient) :

10. Whether the vacancy has already been reported to the Commission, and if so, the number and date of letter reporting the vacancy and the number and date of communication if any received from the Commission may also be furnished. :

11. The date of occurrence of vacancy. :

12. Probable duration of the vacancies :

13. Designation of the appointing authority. :

14. Other points if any. :

*Signature*
*Name and Designation*
*of the Appointing Authority*

KERALA KERAKARSHAKA SAHAKARANA FEDERATION Ltd. No. 4370 KERAFED
An ISO Certified 9001 : 2015 Kerala Government Enterprise
കേരാഫെഡ്

KFD/246/2025-ADM1 തീയതി. /02/2025

പ്രിൻസിപ്പൽ സെക്രട്ടറി
കൃഷി (പി.യു) വകുപ്പ്
ഗവ. സെക്രട്ടറിയേറ്റ്, തിരുവനന്തപുരം

സർ,

വിഷയം :കേരഫെഡിലെ 2025 കലണ്ടർ വർഷത്തെ പ്രതീക്ഷിത ഒഴിവുകൾ പി.എസ്.സി-യ്ക്ക് റിപ്പോർട്ട് ചെയ്യുന്നത്- സംബന്ധിച്ച്

സൂചന : (1) സർക്കാർ ഉത്തരവ് (എം.എസ്). 14/2020/അഗ്രി തീയതി. 25/01/2020
(2) സർക്കാർ ഉത്തരവ് (എം.എസ്). 83/2022/അഗ്രി തീയതി. 29/9/2022
(3) സർക്കാർ കത്ത് നമ്പർ. AGRI-PU2/169/2024-AGRI തീയതി. 16/11/2024
(4) സർക്കാർ കത്ത് നമ്പർ. AGRI-PU3/42/2025-AGRI തീയതി. 04/02/2025

സൂചനയിലേക്ക് താങ്കളുടെ ശ്രദ്ധ ക്ഷണിക്കുന്നു. സൂചന (2) ലെ നിയമനചട്ട പ്രകാരം കേരഫെഡിലെ കേഡർസ്ട്രങ്ത് അനുസരിച്ച് 23 കാറ്റഗറികളിലായി 290 തസ്തികകളാണ് ഉള്ളത്. ആദ്യപടി എന്ന നിലയിൽ വിവിധ തസ്തികകളിലെ അവശ്യം വേണ്ട 47 ഒഴിവുകൾ പി.എസ്.സി-യ്ക്ക് റിപ്പോർട്ട് ചെയ്തിട്ടുണ്ട്. ആയത് ചുവടെ ചേർക്കുന്നു;

| ക്രമ നമ്പർ | കാറ്റഗറി & തസ്തിക | പി.എസ്.സി യ്ക്ക് റിപ്പോർട്ട് ചെയ്ത ഒഴിവ് | തീയതി |
|---|---|---|---|
| 1 | Deputy Manager (Personnel & Labour Welfare) | 1 | 04/01/2023 |
| 2 | Assistant Manager (Extension & Procurement) | 3 | 04/01/2023 |
| 3 | Accountant | 5 | 30/01/2023 |
| 4 | Assistant/ Cashier | 23 | 04/01/2023 & 24/02/2023 |
| 5 | LD Typist | 4 | 04/01/2023 |
| 6 | Driver cum Office Attendant | 3 | 28/02/2023 |
| 7 | Office Attendant | 2 | 28/02/2023 |
| 8 | Assistant Manager (Civil) | 1 | 18/12/2023 |
| 9 | Computer Programmer | 3 | 18/12/2023 |
| 10 | Analyst | 1 | 18/12/2023 |
| 11 | Fireman | 1 | 21/3/2024 |
| ആകെ | | 47 | |

എന്നാൽ കേരഫെഡിലെ സ്റ്റാഫ് പാറ്റേൺ നിശ്ചയിച്ച് പുറപ്പെടുവിച്ച സൂചന (1) ലെ ഉത്തരവും നിയമനചട്ടം നിശ്ചയിച്ച് പുറപ്പെടുവിച്ച സൂചന (2) ലെ ഉത്തവും തമ്മിൽ ചില പൊരുത്തക്കേടുകൾ ഉള്ളതിനാൽ സ്റ്റാഫ് പാറ്റേൺ, നിയമനചട്ടം എന്നിവ പരിഷ്കരിക്കുന്നതിന് സൂചന (3) പ്രകാരം സർക്കാരിൽ നിന്ന് അനുമതി ലഭിച്ചിരുന്നു. അപ്രകാരം സ്റ്റാഫ് പാറ്റേണിന്റേയും നിയമനചട്ടത്തിന്റേയും കരട് രൂപരേഖ തയ്യാറാക്കുന്നതിനുള്ള നടപടികൾ ത്വരിതഗതിയിൽ പുരോഗമിച്ച് വരികയാണ്. പ്രസ്തുത കരട് രൂപരേഖ സർക്കാർ അംഗീകരിച്ച് ഉത്തരവ് പുറപ്പെടുവിക്കുന്ന മുറയ്ക്ക് മാത്രമേ കേരഫെഡിലെ എല്ലാ തസ്തികകളിലേയും ഒഴിവുകൾ പി.എസ്.സി-യ്ക്ക് റിപ്പോർട്ട് ചെയ്യുന്നതിന് കഴിയുകയുള്ളു എന്ന വിവരം അറിയിക്കുന്നു.

വിശ്വസ്തതയോടെ

**Signed by Saju K. Surendran**
**Date: 01-03-2025 12:47:57**

(സാജു കെ. സുരേന്ദ്രൻ. ഐ.ഇ.എസ്)
മാനേജിംഗ് ഡയറക്ടർ

H.O : Kera Tower, Water Works Compound, Vellayambalam, Thiruvananthapuram – 695 033
EPABX : 2320504, Depts : 2321660, 2326209, 2321046, 2322736, Fax : 0471-2326298
[PAN : AAATK8521C, GSTIN : 32AAATK8521C2Z3], [TAN : TVDK00822D, GST-TDS : 32TVDK00822D1DW]
E-MAIL : kerafedadmn@gmail.com Website : kerafed.com

2

KERAFED - H.O.

| A.O. | M (P) | M (Extn) | D (Tech) |
|---|---|---|---|
| M.M. | 21 NOV 2024 | | M (F) |

Ref:Appeal 01 / Kera 02- Date 20-11-2024

To

The Managing Director
Kerafed Kera Tower
Water Works Compound
Vellayambalam , Trivandrum

വിഷയം: വിവരാവകാശ നിയമപ്രകാരം തൃപ്തികരമായ മറുപടി ലഭികാത്തതിൽ നല്കുന്ന അപ്പീൽ.

സൂചന: 29/10/2024 ൽ ഞാൻ നൽകിയ അപേക്ഷ.

നം. കെഎഫ്ഡി/1498/2024-എഡിഎം3/746.

01. ഒരുവർഷം കാലാവധി ഉള്ള നിയമനങ്ങൾ വീണ്ടും വീണ്ടും നീട്ടി നാൽകുമോ? അതോ PSC വഴി ഉടൻ നിയമനങ്ങൾ നടത്തുമോ.?

04. മാനേജർ, ഓപ്പറേറ്റർ, electrician തസ്തികകളിൽ താല്കാലിക നിയമനം നടത്തിയിരിക്കുന്നു എന്നാൽ PSC ക്ക് റിപ്പോർട്ട് ചെയ്തതായി പറയുന്നില്ല കാരണം വ്യക്തമാക്കാമോ?

09. വർക്കർ തസ്തികയിൽ നിയമനത്തിനായി പരിക്ഷ നടത്തിയ ഏജൻസി യുടെ വിവരങ്ങൾ.?
വിവരങ്ങൾ പൂർണം അല്ല. അഡ്രെസ്സ്,ഫോൺ നംബർ , മെയിൽ ഐഡി,വെബ്സൈറ്റ് ഇവ ഒന്നും ലഭ്യമാക്കിട്ടില്ല.

10. ടി ഏജൻസി യുടെ ഈ മേഖലയിലുള്ള പരിചയം സംബന്ധിച്ച വിവരങ്ങൾ?
ഇവരുടെ ഈ മേഖലയിൽ ഉള്ള മുൻപരിചയം സംബന്ധിച്ച് വിശദീകരണം നാൽകിട്ടില്ല.

12. നിലവിൽ കേരഫെഡ് ൽ ഉള്ള ഒഴിവുകൾ സംബന്ധിച്ച വിശദ വിവരങ്ങൾ?
നിലവിലുള്ള എല്ലാ ഒഴിവുകളെയും പറ്റി ആണ് ചോദിച്ചത്.
കേരഫെഡ് ഇൽ എല്ലാ തസ്തികകളിലേക്കുമായി നിലവിൽ എത്ര ഒഴിവുകൾ ഉണ്ട്. ഒഴിവുള്ള തസ്തികകളില് ആണല്ലോ താല്കാലിക നിയമനങ്ങൾ നടത്തിയിട്ടുള്ളത്. അവ ഉൾപ്പെടെ ഉള്ള ഒഴിവുകളുടെ വിശദ വിവരങ്ങൾ ലഭ്യമാക്കാമോ. ?

വിശദമായ മറുപടി ലഭ്യേമാക്കിയാലും.

എന്ന്

Santhoshkumar

SANTHOSHKUMAR B
PATTANAMADATHIL
CHANGANKULANGARA
VAVVAKKAVU P.O.
KARUNAGAPPALLY
KOLLAM 690 528

KERALA KERAKARSHAKA SAHAKARANA FEDERATION Ltd. No. 4370

An ISO Certified 9001:2015 Kerala Government Enterprise

KERAFED
കേരാഫെഡ്

നം.കെഎഫ്ഡി/1498/2024-എഡിഎം3/1969 തീയതി 31/12/2024

സന്തോഷ് കുമാർ ബി,
പട്ടണമഠത്തിൽ,
ചങ്ങൻകുളങ്ങര,
വവ്വാക്കാവ് പി.ഒ,
കരുനാഗപ്പള്ളി,
കൊല്ലം – 690528

സർ,

വിഷയം : കേരഫെഡ് – വിവരാവകാശനിയമം 2005–മറുപടി നൽകുന്നത് – സംബന്ധിച്ച്

സൂചന : അപ്പീൽ അധികാരിയിൽ നിന്നും കൈമാറി ലഭിച്ചതും 21/11/2024 ൽ ഈ ഓഫീസിൽ ലഭിച്ചതുമായ 20/11/2024 തീയതിയിലെ താങ്കളുടെ അപ്പീൽ അപേക്ഷ

സൂചനയിലേക്ക് താങ്കളുടെ ശ്രദ്ധ ക്ഷണിച്ചുകൊണ്ട് താങ്കൾ സമർപ്പിച്ച അപ്പീലിൽ ആവശ്യപ്പെട്ടിരുന്ന വിവരങ്ങൾ അപ്പീൽ അധികാരിയുടെ നിർദ്ദേശപ്രകാരം ചുവടെ ചേർക്കുന്നു.

1. ചോദ്യത്തിന് ഉത്തരം വ്യാഖ്യാനിച്ച് നൽകുക എന്നത് വിവരാവകാശനിയമം 2005 സെക്ഷൻ 2(f)ന്റെ പരിധിയിൽ വരാത്തതിനാൽ താങ്കൾക്ക് വിവരാവകാശനിയമപ്രകാരം മറുപടി നൽകേണ്ടതില്ലെങ്കിലും കേരഫെഡ് ഭരണസമിതി/എക്സിക്യൂട്ടീവ് കമ്മിറ്റി തീരുമാനത്തിന്റെ അടിസ്ഥാനത്തിലാണ് കരാർ നിയമനങ്ങളുടെ കാലാവധി ദീർഘിപ്പിച്ച് നൽകിയിട്ടുള്ളതെന്നറിയിക്കുന്നതോടൊപ്പം ബോർഡ് തീരുമാനത്തിന്റെ പകർപ്പ് ഇതോടൊപ്പം ഉള്ളടക്കം ചെയ്യുന്നു.

4. കേരഫെഡിന്റെ നിലവിലെ സാമ്പത്തിക സ്ഥിതി പരിശോധിക്കുമ്പോൾ നിയമനചട്ടങ്ങളിലെ ഒഴിവുള്ള എല്ലാ തസ്തികകളിലും പി.എസ്.സി മുഖേന നിയമനം നടത്തുന്നത് സ്ഥാപനത്തിന് സാമ്പത്തിക ബാധ്യത ഉണ്ടാക്കുമെന്നതിനാലാണ് എല്ലാ തസ്തികകളും പി.എസ്.സി യ്ക്ക് റിപ്പോർട്ട് ചെയ്യിട്ടില്ലാത്തത്. ആയത് വ്യക്തമാക്കി സർക്കാരിൽ സമർപ്പിച്ച കത്തിന്റെ പകർപ്പ് ഇതോടൊപ്പം ഉള്ളടക്കം ചെയ്യുന്നു.

9. സഹകരണസ്ഥാപനങ്ങളിൽ ജീവനക്കാരെ തെരഞ്ഞെടുക്കുന്നതിനായി പരീക്ഷ നടത്തുന്നതിനുള്ള ഔട്ട്സൈഡ് ഏജൻസികളെ നിശ്ചയിച്ച് കേരള സംസ്ഥാന സഹകരണസംഘം രജിസ്ട്രാർ പുറപ്പെടുവിച്ചിട്ടുള്ള ഉത്തരവിൽ ഉൾപ്പെട്ടിട്ടുള്ള ഏജൻസിയായ ഗ്ലോബൽ കോ-ഓപ്പറേറ്റീവ് കൺസൾട്ടൻസ് സർവീസ് സൊസൈറ്റി (ജി.എൽ.സി.എസ്) രജി.നം.TVM/TC/648/2019, തിരുവനന്തപുരം – യെയാണ് വർക്കർ തസ്തികയിലെ പരീക്ഷ നടത്തുന്നതിനായി തെരഞ്ഞെടുത്തിട്ടുള്ളത്. ടി ഉത്തരവിന്റെ പകർപ്പ് ഇതോടൊപ്പം ഉള്ളടക്കം ചെയ്യുന്നു.

10. ലഭ്യമല്ല.

12. ചോദ്യം 4 ലെ മറുപടിയിൽ പ്രതിപാദിച്ചിട്ടുള്ള സർക്കാർ കത്തിന് മറുപടി ലഭ്യമാകുന്ന മുറയ്ക്ക് ഒഴിവുകൾ സംബന്ധിച്ച് വ്യക്തത വരുത്തുന്നതാണ്.

എൽ.സുനിത
സീനിയർ അഡ്മിനിസ്ട്രേറ്റീവ് ഓഫീസർ ആൻഡ്
സ്റ്റേറ്റ് പബ്ലിക് ഇൻഫർമേഷൻ ഓഫീസർ

H.O. : Kera Tower, Water Works Compound, Vellayambalam, Thiruvananthapuram - 695 033
EPABX : 2320504, Depts : 2321660, 2326209, 2321046, 2322736, Fax : 0471-2326298
[PAN:AAATK8521C, GSTIN : 32AAATK8521C2Z3], [TAN : TVDK00822D, GST-TDS : 32TVDK00822D1DW]
E-mail : kerafedadmn@gmail.com Website : www.kerafed.com

<u>കേരാഫെഡ് അപ്പീൽ അധികാരിയുടെ നടപടിക്രമങ്ങൾ</u>

(ഹാജർ : സാജു കെ.സുരേന്ദ്രൻ ഐ.ഇ.എസ്)

കേരഫെഡ് – വിവരാവകാശനിയമം 2005 - ശ്രീ.സന്തോഷ് കുമാർ ബി സമർപ്പിച്ച വിവരാവകാശനിയമപ്രകാരമുള്ള അപ്പീൽ അപേക്ഷ മറുപടി നൽകിയതിൻ പ്രകാരം തീർപ്പാക്കി ഉത്തരവാകുന്നു..

| | | | |
|---|---|---|---|
| നം. | കെഎഫ്ഡി/1498/2024-എഡിഎം3 | തീയതി | 01/2025 |

പരാമർശം:- 1) 11/11/2024-ലെ കെഎഫ്ഡി/1498/2024-എഡിഎം3/746.

2) 31/12/2024-ലെ കെഎഫ്ഡി/1498/2024-എഡിഎം3/969

<u>ഉത്തരവ്</u>

ശ്രീ.സന്തോഷ് കുമാർ ബി, പട്ടണമഠത്തിൽ, ചാങ്ങൻകുളങ്ങര, വവ്വാക്കാവ്, കരുനാഗപ്പള്ളി, 29/10/2024-ൽ വിവരാവകാശനിയമപ്രകാരം കേരാഫെഡ് സ്റ്റേറ്റ് പബ്ലിക് ഇൻഫർമേഷൻ ഓഫീസർക്ക് സമർപ്പിച്ച അപേക്ഷയ്ക്ക് പരാമർശം (1) പ്രകാരം മറുപടി ലഭ്യമാക്കിയിരുന്നു. എന്നാൽ ടി മറുപടി തൃപ്തികരമല്ലാത്തതിനാൽ അപേക്ഷകൻ 20/11/2024-ന് അപ്പീൽ അപേക്ഷ സമർപ്പിക്കുകയും, ആയത് 21/11/2024-ന് കേരാഫെഡിൽ ലഭിക്കുകയും ചെയ്തിരുന്നു.

2. മേൽസാഹചര്യത്തിൽ അപേക്ഷകൻ അപ്പീലിൽ ആവശ്യപ്പെട്ടിരുന്ന 1, 4, 9, 10, 12 ചോദ്യങ്ങളെ സംബന്ധിച്ച് കേരാഫെഡിൽ ലഭ്യമായിട്ടുള്ള വിവരങ്ങൾ അപേക്ഷകന് നല്കണമെന്നുള്ള അപ്പീൽ അധികാരിയുടെ നിർദ്ദേശപ്രകാരം അപ്പീലിൽ ആവശ്യപ്പെട്ടിരുന്ന ചോദ്യങ്ങളുടെ മറുപടി പരാമർശം (2) പ്രകാരം കേരാഫെഡ് സ്റ്റേറ്റ് പബ്ലിക് ഇൻഫർമേഷൻ ഓഫീസർ അപേക്ഷകന് നൽകിയിട്ടുള്ളതിനാൽ ശ്രീ.സന്തോഷ് കുമാർ ബി സമർപ്പിച്ച അപ്പീൽ അപേക്ഷ തീർപ്പാക്കി ഇതിനാൽ ഉത്തരവാകുന്നു.

**Signed by Saju K. Surendran**
**Date: 02-01-2025 18:07:14**

സാജു കെ.സുരേന്ദ്രൻ ഐ.ഇ.എസ്
അപ്പീൽ അധികാരി
&
മാനേജിംഗ് ഡയറക്ടർ
കേരാഫെഡ്, കേര ടവർ,വാട്ടർ വർക്സ് കോമ്പൌണ്ട്
വികാസ് ഭവൻ.പി.ഒ, വെള്ളയമ്പലം
തിരുവനന്തപുരം – 695 033.

സന്തോഷ് കുമാർ ബി, പട്ടണമഠത്തിൽ, ചാങ്ങൻകുളങ്ങര, വവ്വാക്കാവ്, കരുനാഗപ്പള്ളി, കൊല്ലം-690528

GSTIN: 32AAATK6521C2Z3

**KERALA KERAKARSHAKA SAHAKARANA FEDERATION LIMITED No. 4370**

**KERAFED**
കേരാഫെഡ്
(A Govt. of Kerala Enterprise)

**KERAFED OIL COMPLEX**
K. S. Puram, Puthiyakavu
Karunagappally, Kollam - 690 544
Ph: 0476-2620827, 2620828, 2620827(PM)
E: Mail: kerafedkply@gmail.com

No. KOCK/ TO 20/2024/KFD / 4764

20.12.2024

ശ്രീ ഉദയൻ കെ,
അഡ്വക്കേറ്റ്, മോഡേൺ ബിൽഡിംഗ്,
സിവിൽ സ്റ്റേഷനു സമീപം, കരുനാഗപ്പള്ളി.

സർ,

വിഷയം : കേരാഫെഡ് ഓയിൽ കോംപ്ലക്സ്, കരുനാഗപ്പള്ളി - വിവരാവകാശ നിയമം, 2005 – അപേക്ഷ കൈമാറുന്നത് സംബന്ധിച്ച് –

സൂചന : 18.12.2024–ലെ താങ്കളുടെ വിവരാവകാശനിയമപ്രകാരമുള്ള അപേക്ഷ.

സൂചനയിലേക്ക് താങ്കളുടെ ശ്രദ്ധ ക്ഷണിക്കുന്നു. സ്റ്റേറ്റ് പബ്ലിക് ഇൻഫർമേഷൻ ഓഫീസർക്കുള്ള ടി അപേക്ഷയിൻമേലുള്ള മറുപടി നൽകേണ്ടതിനാലും, ടി വിവരങ്ങൾ ഈ ഓഫീസിൽ ലഭ്യമല്ലാത്തതിനാലും വിവരാവകാശനിയമം ചട്ടം 6 (3) പ്രകാരം താങ്കൾക്ക് നേരിട്ട് മറുപടി നൽകുന്നതിനായി ടി അപേക്ഷ സ്റ്റേറ്റ് പബ്ലിക് ഇൻഫർമേഷൻ ഓഫീസർക്ക് കൈമാറിയ വിവരം അറിയിക്കുന്നു.

മേൽ മറുപടിയിൽ ആക്ഷേപമുള്ള പക്ഷം, ഈ കത്ത് കിട്ടി 30 ദിവസത്തിനകം ചുവടെ പറയുന്ന മേൽവിലാസത്തിൽ അപ്പീൽ സമർപ്പിക്കാവുന്നതാണ്.

മാനേജിംഗ് ഡയറക്ടർ & അപ്പീൽ അധികാരി
കേരഫെഡ് ഹെഡ് ഓഫീസ്, കേര ടവർ,
വാട്ടർ വർക്ക്സ് കോമ്പൗണ്ട്,
വെള്ളയമ്പലം, വികാസ് ഭവൻ പി.ഒ.

തിരുവനന്തപുരം - 695 033

ഫോൺ - 0471 2320504, 2321046

വിശ്വസ്തതയോടെ

അരവിന്ദ് ആർ


സ്റ്റേറ്റ് അസിസ്റ്റന്റ് പബ്ലിക് ഇൻഫർമേഷൻ ഓഫീസർ & പ്ലാന്റ് മാനേജർ

പകർപ്പ്- സ്റ്റേറ്റ് പബ്ലിക് ഇൻഫർമേഷൻ ഓഫീസർ & അഡ്മിനിസ്ട്രേറ്റീവ് ഓഫീസർ

കേരഫെഡ് ഹെഡ് ഓഫീസ്, , കേര ടവർ, വാട്ടർ വർക്സ് കോമ്പൗണ്ട്,

വെള്ളയമ്പലം, വികാസ് ഭവൻ പി.ഒ. , തിരുവനന്തപുരം.

(വിവരാവകാശ നിയമം ചട്ടം 6 (3) പ്രകാരം അപേക്ഷകന് നേരിട്ട് മറുപടി നൽകുന്നതിനായി)




പ്രേഷിതൻ

ഉദയൻ.കെ
അഡ്വക്കേറ്റ്
കരുനാഗപ്പള്ളി
മൊബൈൽ നം. 9495360710

സ്വീകർത്താവ്

സ്റ്റേറ്റ് പബ്ലിക് ഇൻഫർമേഷൻ ഓഫീസർ
കേരഫെഡ് ഓഫീസ്
കുലശേഖരപുരം പി.ഒ.
പുതിയകാവ്

വിഷയം : Rank List for the Post of Worker on Daily Wages at Kerafed

<u>വിവരാവകാശ നിയമം 2005 വകുപ്പ് 2(f) (i) (j), 6(3), 6 -ാം വകുപ്പും പ്രകാരം താഴെപറയുന്ന റിക്കാർഡുകളുടെ വിവരണം നൽകുന്നതിനും, പകർപ്പ് നൽകുന്നതിനും ബോധിപ്പിക്കുന്ന അപേക്ഷ</u>

(1) 06.05.2023 ലെ റാങ്ക്ലിസ്റ്റ്

(2) 06.05.2023 ലെ റാങ്ക് ലിസ്റ്റിൽ നിന്നും എത്ര പേരെ നിയമിച്ചു. അവരുടെ റാങ്ക് നമ്പരും, പേരും വിലാസവും.

(3) ഇപ്പോൾ നിലവിൽ എത്ര ഒഴിവുകളുണ്ട്. ആയതിന്റെ വിശദവിവരം

(4) ബാക്കി നിയമനം നടത്തുന്നതിന് കാലതാമസം വരുന്നതിന്റെ കാരണം. ആയതിന്റെ വിശദവിവരം

(5) 06.05.2023 മുതൽ 17.12.2024 വരെ നിയമനം ലഭിച്ച ഉദ്യോഗാർത്ഥികളുടെ പേരും, വിലാസവും, റാങ്ക് നമ്പരും. (റാങ്ക് ലിസ്റ്റ് പ്രകാരവും, അല്ലാതെയും)

കരുനാഗപ്പള്ളി
18.12.2024

അപേക്ഷകൻ
അഡ്വ.ഉദയൻ.കെ
UDAYAN. K
B.A. LLB
Advocate
Roll No. K-122/1989
Karunagappally

അപേക്ഷാഫീസായി 10 രൂപയുടെ കോർട്ടുഫീസ് സ്റ്റാമ്പ് അപേക്ഷയിൽ പതിച്ച് ഹാജരാക്കിയിരിക്കുന്നു.

നം.കെഎഫ്ഡി/1734/2024-എഡിഎം 3/ 985 തീയതി 03/01/2025

KERAFED 04 JAN 2025

ഉദയൻ കെ,
അഡ്വക്കേറ്റ്,
കരുനാഗപ്പള്ളി.
ഫോൺ : 9495360710

സർ,

വിഷയം : കേരഫെഡ് - വിവരാവകാശനിയമം 2005 - മറുപടി നൽകുന്നത് - സംബന്ധിച്ച്

സൂചന : കരുനാഗപ്പള്ളി പ്ലാന്റ് മാനേജരിൽ നിന്നും കൈമാറി ലഭിച്ചതും 28/12/2024 തീയതിയിൽ ഈ ഓഫീസിൽ ലഭിച്ചതുമായ 18/12/2024 തീയതിയിലെ താങ്കളുടെ അപേക്ഷ

സൂചനയിലേക്ക് ശ്രദ്ധ ക്ഷണിക്കുന്നു. കേരഫെഡിലെ വർക്കർ നിയമനവുമായി ബന്ധപ്പെട്ട് സൂചന അപേക്ഷ പ്രകാരം ആവശ്യപ്പെട്ട വിവരങ്ങൾ ചുവടെ ചേർക്കുന്നു.

1. കേരഫെഡിൽ വർക്കർ തസ്തികയിൽ ദിവസവേതനാടിസ്ഥാനത്തിൽ നിയമനം നടത്തുന്നതിനായി തയ്യാറാക്കിയ റാങ്ക് ലിസ്റ്റ് 09.05.2023 തീയതിയിയിൽ കേരഫെഡ് വെബ്സൈറ്റിൽ പ്രസിദ്ധീകരിച്ചിട്ടുണ്ട്. ആയതിന്റെ പകർപ്പ് താങ്കൾക്ക് ആവശ്യമെന്നപക്ഷം ഒരു പേജിന് 3/- രൂപ നിരക്കിൽ 10 പേജിന് 30/- രൂപ കേരഫെഡിന്റെ അക്കൗണ്ടിൽ ഒടുക്കി ചെലാന്റെ അസ്സൽ ഹാജരാക്കേണ്ടതാണ്.
2. പ്രസ്തുത റാങ്ക് ലിസ്റ്റിൽ നിന്നും ആകെ 56 നിയമനങ്ങൾ നടത്തിയിട്ടുണ്ട്. നിയമനം നൽകിയവരുടെ പേര് വിവരങ്ങൾ, റാങ്ക് നമ്പർ എന്നിവ ലഭ്യമാക്കുന്നതിനുവേണ്ടി ഒരു പേജിന് 3/- രൂപ നിരക്കിൽ 6 പേജിന് 18/- രൂപ കേരഫെഡിന്റെ അക്കൗണ്ടിൽ ഒടുക്കി ചെലാന്റെ അസ്സൽ ഹാജരാക്കേണ്ടതാണ്
3. നിലവിൽ ഒഴിവുകൾ റിപ്പോർട്ട് ചെയ്യിട്ടില്ല.
4. കാരണം നൽകുക, വിശദീകരണം നൽകുക എന്നിവ വിവരാവകാശനിയമം സെക്ഷൻ 2(f) ന്റെ പരിധിയിൽ വരാത്തതിനാൽ താങ്കൾക്ക് വിവരാവകാശനിയമപ്രകാരം മറുപടി നൽകേണ്ടതില്ല എന്നറിയിക്കുന്നു.
5. വർക്കർ തസ്തികയിലേക്ക് ദിവസവേതനാടിസ്ഥാനത്തിൽ നിയമനം നടത്തുന്നതിനായി തയ്യാറാക്കിയ റാങ്ക് പട്ടികയിൽ നിന്നും നടത്തിയ നിയമനങ്ങളുടെ വിവരങ്ങൾ ലഭ്യമാക്കുന്നതിനായി അടയ്ക്കേണ്ട തുക സംബന്ധിച്ച വിവരങ്ങൾ ചോദ്യം നം. 2 ൽ ഉൾപ്പെടുത്തിയിട്ടുണ്ട്. ഇത് കൂടാതെ 06/05/2023 മുതൽ 17/12/2024 വരെയുള്ള കാലയളവിൽ കേരഫെഡ് കരുനാഗപ്പള്ളി ഓയിൽ കോംപ്ലക്സിൽ സേവനത്തിലിരിക്കെ

മരണപ്പെട്ട പരമേശ്വരൻ നായരുടെ മകനായ ശ്രീ.അനൂപ് പി യ്ക്ക് സർക്കാരിൽ നിന്നും സമാശ്വാസ തൊഴിൽദാന പദ്ധതി പ്രകാരം സ്ഥിരനിയമനം ലഭിക്കുന്നതുവരെയും ഗുരുതര രോഗം ബാധിച്ച് ചികിത്സയിൽ തുടരുന്നതിനാൽ ജോലിക്ക് ഹാജരാകാൻ കഴിയാത്ത ശ്രീമതി ഉഷാകുമാരി, ശ്രീ.പ്രകാശൻ എന്നിവരുടെ മക്കളായ ശ്രീ.സജിത്ത് കുമാർ എസ്, ശ്രീമതി അതുല്യ പ്രകാശ് എന്നിവർക്ക് ഒരു വർഷത്തേയ്ക്കും കേരഫെഡ് ഭരണസമിതി തീരുമാനത്തിന്റെ അടിസ്ഥാനത്തിൽ വർക്കർ തസ്തികയിൽ താൽകാലിക നിയമനം നൽകിയിട്ടുണ്ട്.

പകർപ്പിനാവശ്യമായ തുക ഒടുക്കേണ്ടുന്ന അക്കൌണ്ട് വിശദാംശങ്ങൾ ചുവടെ ചേർക്കുന്നു.

Bank - State Bank of India
A/C No. - 335 682 00 817, IFSC - SBIN 0007203
Branch - Althara Junction, Thiruvananthapuram
Name - Managing Director, Kerafed

മേൽപ്പടി മറുപടി തൃപ്തികരമല്ലായെങ്കിൽ ഈ കത്ത് കിട്ടി 30 ദിവസത്തിനകം താങ്കൾക്ക് അപ്പീൽ അധികാരിയ്ക്ക് അപ്പീൽ സമർപ്പിക്കാവുന്നതാണ്. അപ്പീൽ അധികാരിയുടെ മേൽവിലാസം ചുവടെ ചേർക്കുന്നു.

<u>അപ്പീൽ അധികാരി</u>
മാനേജിംഗ് ഡയറക്ടർ,
കേരഫെഡ്, കേര ടവർ,
വാട്ടർ വർക്ക്സ് കോമ്പൌണ്ട്,
വെള്ളയമ്പലം, തിരുവനന്തപുരം
ഫോൺ നം. 0471 2320504

എൽ.സുനിത
സീനിയർ അഡ്മിനിസ്ട്രേറ്റീവ് ഓഫീസർ,
സ്റ്റേറ്റ് പബ്ലിക് ഇൻഫർമേഷൻ ഓഫീസർ,
കേരഫെഡ് കേന്ദ്ര ഓഫീസ്, തിരുവനന്തപുരം.
O/C